അടിയന്തരപ്രമേയം

മി. സ്പീക്കർ: കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ കൊലപാതകങ്ങൾമൂലവും സംഘർഷങ്ങൾമൂലവും ഉണ്ടായിട്ടുള്ള അതീവ ഗുരുതരമായ നിയമസമാധാന തകർച്ചക്ക് പരിഹാരം കാണാനോ, അക്രമസംഭവങ്ങൾ നിയന്ത്രിക്കാനോ ഗവൺമെന്റിന് കഴിയാതെ പോകുന്നതുമൂലവും സമാധാന ചർച്ചയിലൂടെ പ്രശ്നപരിഹാരത്തിന് ഗവൺമെന്റ് മുൻകൈയെടുക്കാത്തതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അത്യധികം ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ കൊലപാതകങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കണ്ണൂർ ജില്ലയിലെ അക്രമസംഭവങ്ങളും കൊലപാതകങ്ങളും കാരണം ജനങ്ങളാകെ ഭയാശങ്കയിലാണെന്നുള്ള ഈ പ്രമേയത്തിലെ കാഴ്ചപ്പാടിനോട് ഒരു തരത്തിലും യോജിക്കാൻ കഴിയില്ല. ബോധപൂർവ്വമായ ആർ.എസ്.എസ്.ന്റെ ഇടപെടലാണ്

കണ്ണൂർ ജില്ലയിലെ ദൗർഭാഗ്യകരമായ പല സംഭവങ്ങൾക്കും കാരണമായിത്തീർന്നത്. അവിടെ നടന്ന കാര്യങ്ങൾ പരിശോധിച്ചാൽ അത് വ്യക്തമാകുന്നതാണ്. നിഷ്പക്ഷമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടാണ് ഇത്തരം പ്രശ്നങ്ങളിൽ പോലീസ് ഇടപെടുന്നത് എന്നും അവിടത്തെ സംഭവഗതികൾ വിലയിരുത്തുന്ന ആർക്കും വ്യക്തതയുണ്ടാകും. സംസ്ഥാനത്ത് കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ നടക്കുന്നത് എന്ന മട്ടിലുള്ള ഒരു പ്രചരണം വലിയതോതിൽ നടക്കുന്നുണ്ട്. സംസ്ഥാനത്തെ ഇത്തരം സാഹചര്യങ്ങളെക്കുറിച്ച് കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ സ്ഥിതിഗതികളും 2016 ഫെബ്രുവരി 24-ന് ഇന്നത്തെ പ്രതിപക്ഷ നേതാവ് ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോൾ നൽകിയ മറുപടി വിവരിക്കുകയാണ്. അതുപ്രകാരം നമ്മുടെ സംസ്ഥാനത്തിന്റെ 14 ജില്ലകളിൽ കൊലപാതകങ്ങളുടെ എണ്ണമെടുത്താൽ ആറാം സ്ഥാനമാണ് കണ്ണൂർ ജില്ലയ്ക്കുള്ളത്. ഒന്ന്- തിരുവനന്തപുരം, രണ്ട്- കൊല്ലം, മൂന്ന്- എറണാകുളം, നാല്- തൃശ്ശൂർ, അഞ്ച്- പാലക്കാട് ആറ്- കണ്ണൂർ ഇങ്ങനെ പോകുകയാണ്. പക്ഷേ കണ്ണൂർ ജില്ലയ്ക്ക് എന്തോ മറ്റെവിടെയും സംഭവിക്കാത്ത കാര്യങ്ങൾ സംഭവിക്കുന്നുവെന്നുള്ള മട്ടിലുള്ള പ്രചരണമാണ് പൊതുവേ ഉയർന്നുവരുന്നത്. മെയ് 19-ന് തെരഞ്ഞെടുപ്പിന്റെ വിജയാഹ്ലാദപ്രകടനങ്ങൾ സംസ്ഥാനത്താകെ നടക്കുന്ന ഘട്ടത്തിലാണ് ധർമ്മടം

മണ്ഡലത്തിൽ ആർ.എസ്.എസ്./ബി.ജെ.പി. പ്രവർത്തകർ തമ്മിൽ നടത്തിയ ആക്രമണത്തിൽ സി.പി.ഐ.(എം) പ്രവർത്തകനായ രവീന്ദ്രൻ കൊല്ലപ്പെടുന്നത്. അതിനെത്തുടർന്ന് കണ്ണൂർ ജില്ലയിലെ സ്ഥിതിഗതികളിലെന്തെങ്കിലും വേറെ ഉണ്ടായി എന്നുപറയാൻ കഴിയില്ല. സാമാധാനശ്രമങ്ങളുടെ ഭാഗമായാണ് അവിടെ സമാധാനം സ്ഥാപിക്കപ്പെട്ടത്. മെയ് 19-നുശേഷം ജൂലായ് 11-ന് പയ്യന്നൂരിലെ സി.പി.ഐ.(എം) പ്രവർത്തകനായ ധനരാജിനെ ആർ.എസ്.എസ്./ബി.ജെ.പി. പ്രവർത്തകർ വെട്ടിക്കൊലപ്പെടുത്തിയ സംഭവമുണ്ടായി. ആ പ്രദേശത്ത് ഏതെങ്കിലും തരത്തിലുള്ള ഒരു സംഘർഷവും ഉണ്ടായിരുന്നില്ല. പൂർണ്ണമായും സമാധാനം നിലനിന്നിരുന്ന ഒരു പ്രദേശമായിരുന്നു. ഇതോടെ ആ സ്ഥലത്ത് സംഘർഷാത്മകമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ഉണ്ടായത്. സമാധാനം നിലനിന്നിരുന്ന സ്ഥലത്ത് സകലയാളുകളും അംഗീകരിക്കുന്ന ഒരാളെ ഒരു കാരണവുമില്ലാതെ കൊലപ്പെടുത്തിയപ്പോൾ അവിടെ സംഘർഷം ഉയർന്നുവന്നു. ഇതിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യം - ഈ കൊലക്കേസ്സിലെ ഒരു പ്രതി തിരുവനന്തപുരം ജില്ലക്കാരനായ കണ്ണനും മറ്റൊരാൾ കാസർഗോഡ് സ്വദേശിയായ തമ്പാനുമാണ്. ഇതെന്താണ് കാണിക്കുന്നത്? സംസ്ഥാന അടിസ്ഥാനത്തിലുള്ള ഒരു ആസൂത്രണം ഇതിന് പിന്നിലുണ്ട് എന്നാണ്. അവിടെ സംഘർഷങ്ങൾ

ഉയർന്നുവന്നതിന്റെ ഭാഗമായാണ് രാമചന്ദ്രൻ എന്ന ആൾ കൊല ചെയ്യപ്പെടുന്നത്. പോലീസ് ശക്തമായ രീതിയിലാണ് അവിടെ ഇടപെട്ടത്. അവിടെ സമാധാനം പുന:സ്ഥാപിക്കാൻ കഴിഞ്ഞു. മുഴക്കുന്നിൽ ഒരു ബി.ജെ.പി. പ്രവർത്തകനായ വിനീഷ് കൊല ചെയ്യപ്പെട്ടിട്ടുണ്ട്. പൊതുവേ സമാധാനപരായി നിലനിന്നിരുന്ന ഒരു പ്രദേശമാണ് വേങ്ങാട് പഞ്ചായത്ത്. വാളാങ്കിച്ചാൽ എന്ന സ്ഥലത്ത് സി.പി.ഐ.(എം)-ന്റെ ലോക്കൽ കമ്മിറ്റി അംഗമായ മോഹനൻ എന്ന ആൾ ഒരു കേസ്സിലും പ്രതിയായിരുന്നില്ല, ഒരു രാഷ്ട്രീയ എതിരാളിക്കും വ്യത്യസ്ത അഭിപ്രായമുള്ള ആളുമായിരുന്നില്ല, നാടാകെ ഏറെ സ്നേഹപൂർവ്വം കാണപ്പെടുന്നൊരു ചെറുപ്പക്കാരനുമായിരുന്നു. അയാളുടെ തൊഴിൽ കള്ളുഷാപ്പിലാണ്. 10.10.2016-ന് മോഹനൻ എന്ന ആളെ ആസൂത്രണം ചെയ്ത് ഒരു സംഘം വന്ന് കൊലപ്പെടുത്തുകയാണുണ്ടായത്. ഈ സംഭവത്തിൽ ഒരു കൂട്ടർ കൊടുത്ത വാർത്ത- 'മോഹനൻ കൊല ചെയ്യപ്പെട്ടു, കള്ള് ഷാപ്പിലാണ് സംഭവം.' ആ വാർത്ത കേൾക്കുമ്പോൾ എന്താണ് തോന്നുക? കള്ളുഷാപ്പിൽ വച്ച് എന്തോ ഒരു സംഘട്ടനമുണ്ടായി, അതിൽ ഈ ചെറുപ്പക്കാരൻ കൊല ചെയ്യപ്പെട്ടുവെന്നേ സ്വാഭാവികയും വിചാരിക്കുകയുള്ളു. വാർത്തയുടെ ഒരു രീതിയാണ് ഞാൻ ഇക്കൂട്ടത്തിൽ പറയുന്നത്. ഈ സംഭവം നടത്തിയത് ഒരു വയനാട് സ്വദേശിയുടെ

നേതൃത്വത്തിലാണെന്നാണ് അറിയുന്നത്. പുറത്തുനിന്നുള്ള ആളുകൾകൂടി നേതൃത്വം കൊടുത്തുകൊണ്ടുള്ള ആസൂത്രണങ്ങൾ നടക്കുകയാണ്. കുഴപ്പം സൃഷ്ടിക്കാൻവേണ്ടി ബോധപൂർവ്വം ശ്രമിക്കുന്ന ശക്തികളുമുണ്ട്. അതുകൊണ്ടാണ് മോഹനനെപ്പോലുള്ള, ഒരു പ്രശ്നത്തിലും ഉൾപ്പെട്ടിട്ടില്ലാത്ത ഒരു ചെറുപ്പക്കാരനെയടക്കം കൊലപ്പെടുത്തിയ സ്ഥിതി ഉണ്ടായത്. ബോധപൂർവ്വമായ ശ്രമങ്ങൾ, ഈ മേഖലയിൽ സംഘർഷമുണ്ടാക്കാൻ ഇടയാക്കുന്നുവെന്നത് നാം കാണാതിരിക്കരുത്. അതിന്റെ ഭാഗമായി സമാധാനം നിലനിൽക്കുന്നൊരു സ്ഥലത്ത് പിന്നീട് പ്രശ്നങ്ങൾ ഉണ്ടാവുകയാണ്. അങ്ങനെയാണ് രമിത്ത് കൊലചെയ്യപ്പെട്ട നിലയുണ്ടായത്. ഈ നോട്ടീസിൽ പറയുന്ന ഒരു സംഭവം, കൂത്തുപറമ്പിൽ 20-08-2016-ൽ ദീക്ഷിത് എന്ന ആർ.എസ്.എസ്. പ്രവർത്തകൻ കൊല ചെയ്യപ്പെട്ടതാണ്. അയാളെ ആരെങ്കിലും കൊലപ്പെടുത്തിയതല്ല, ആർ.എസ്.എസ്. ഇത്തരം ആക്രമണങ്ങൾക്കുവേണ്ടി വലിയ തോതിൽ ആയുധങ്ങളും സ്ഫോടകവസ്തുക്കളും നിർമ്മിക്കുന്നുണ്ട്. ബോംബ് നിർമ്മാണത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്ന ഘട്ടത്തിലാണ്, ബോംബ് നിർമ്മാണത്തിനിടയിലാണ് ദീക്ഷിത് കൊല ചെയ്യപ്പെടുന്നത്. ഏതെങ്കിലും തരത്തിലുള്ള സംഘർഷത്തിന്റെ ഭാഗമായിവന്ന കൊലയായി അതിനെ കണക്കാക്കേണ്ടതില്ല. ആക്രമണങ്ങൾ ആസൂത്രണം ചെയ്യാനുള്ള

ബോധപൂർവമായ തയ്യാറെടുപ്പുകളുണ്ടായിരുന്നു എന്നാണ് ഈ ബോംബ് നിർമ്മാണവും മരണവും കാണിക്കുന്നത്. ഏഴ് രാഷ്ട്രീയ കൊലപാതകങ്ങൾ അവിടെ നടന്നു എന്നാണ് പ്രമേയത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. രാഷ്ട്രീയ കൊലപാതകങ്ങളായി കണക്കാക്കാൻ കഴിയുന്നത് അഞ്ചെണ്ണമാണ്. കേരളത്തിലെ മിക്കവാറും എല്ലാ ആളുകൾക്കും രാഷ്ട്രീയമുണ്ടാകും. കൊല ചെയ്യുന്ന ആളും കൊല്ലപ്പെടുന്ന ആളും രാഷ്ട്രീയമുള്ളവരായിരിക്കും. അതെല്ലാം രാഷ്ട്രീയ കാരണങ്ങളായി പറയാൻ കഴിയുമോ? ഉദാഹരണത്തിന്, എസ്.ഡി.പി.ഐ. പ്രവർത്തകനായ ഫറൂഖ് കൊലചെയ്യപ്പെട്ടതാണ്. അത് ഏതെങ്കിലുമൊരു രാഷ്ട്രീയ സംഭവമല്ല. വ്യക്തി വിരോധത്തിന്റെ പേരിൽ കൊലപ്പെടുത്തിയ ഒരു സംഭവമാണ്. ഏഴ് കൊലപാതകങ്ങളിൽ ഒരെണ്ണം ദീക്ഷിത്തിന്റേതാണ്. ആ രണ്ട് കൊലപാതകങ്ങളും ഈ പട്ടികയിൽ ഉൾപ്പെടുന്നില്ല. ഇക്കാര്യത്തിൽ സർക്കാർ നടത്തുന്ന ശ്രമങ്ങളിൽ ഒന്ന്, ശക്തമായ നടപടികൾ സ്വീകരിക്കുക എന്നതാണ്. അത് പോലീസ് ഒരു ഭാഗത്ത് ചെയ്യുന്നു. അതേ സമയം സംഘർഷങ്ങളുണ്ടാകുമ്പോൾ അതാതിടങ്ങളിൽ സമാധാന യോഗങ്ങൾ വിളിച്ചുചേർത്ത് പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ എല്ലാ ശ്രമവും നടത്തുന്നുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് വിളിച്ച ആറോളം സമാധാന

യോഗങ്ങളിൽ ബി.ജെ.പി. പൂർണ്ണമായി മാറിനിൽക്കുകയോ നിസ്സഹകരിക്കുകയോ ചെയ്തിട്ടുണ്ട്. കണ്ണൂരിലെ പരാതികൾ ഉയർന്നുവന്ന കാര്യങ്ങളിലെല്ലാം ശക്തമായ ഇടപെടൽ പോലീസ് നടത്തിയിട്ടുണ്ട്. വിവിധ രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ടവരും അല്ലാത്തവരും നൽകിയ പരാതികളിലെല്ലാം നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. ക്രമസമാധാനം നിലനിർത്തുന്നതിനായി കൂത്തുപറമ്പിലും തലശ്ശേരിയിലും സ്പെഷ്യൽ കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സ്ഥലങ്ങളിൽ ബോംബ് സ്ക്വാഡ്, ഡോഗ് സ്ക്വാഡ് എന്നിവയുടെ സഹായത്താൽ ശക്തമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. സമാധാന ചർച്ചകൾ ജില്ലയിൽ സജീവമായി നടന്നുകൊണ്ടിരിക്കുന്നു. ജില്ലാ കളക്ടർ വിളിച്ചുചേർത്ത ജില്ലാതല സമാധാന കമ്മിറ്റിയിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും സമാധാനം നിലനിർത്തുന്നതിന് സഹകരിക്കാൻ ഇപ്പോൾ തയ്യാറായിട്ടുണ്ട്. കൂടാതെ ഉയർന്നുവന്ന അഭിപ്രായമനുസരിച്ച് ജില്ലാ പോലീസ് സർക്കിൾ തലത്തിലും സ്റ്റേഷൻ തലത്തിലും എല്ലാ രാഷ്ട്രീയ പ്രതിനിധികളെയുമുൾപ്പെടുത്തി സമാധാന കമ്മിറ്റി വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപ്രകാരം പോലീസ് സർക്കിൾ തലത്തിലും പോലീസ് സ്റ്റേഷൻ തലത്തിലും സമാധാന കമ്മിറ്റികൾ

രൂപീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ കുഴപ്പമുണ്ടാക്കാൻ ബോധപൂർവമായ ഇടപെടലുകൾ ചിലരുടെ ഭാഗത്തുനിന്നുണ്ടായിട്ടും ക്രമസമാധാനം നിലിനിർത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും പോലീസ് സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ക്രമസമാധാനനില നിയന്ത്രണവിധേയമായിട്ടുണ്ട്. പോലീസിന്റെ സ്വതന്ത്രമായ പ്രവർത്തനത്തിന്റെ ഫലമായിത്തന്നെയാണ് ഇത്തരമൊരു സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്. ഏതെങ്കിലും തരത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഗുരുതരമായ ഒരു സാഹചര്യവും അവിടെ ഉയർന്നുവന്നിട്ടില്ല. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ കൊലപാതകങ്ങൾ

ശ്രീ. കെ. സി. ജോസഫ്: സർ. ഇടതുപക്ഷ മുന്നണി ഗവൺമെന്റ് അധികാരമേറ്റതിനുശേഷം കണ്ണൂർ ജില്ലയിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ചുള്ള അങ്ങയുടെ കണക്ക് ശരിയല്ല. ഫറൂഖിന്റെ കൊലപാതകം കൂടാതെ ഏഴ് പേർ അവിടെ കൊല്ലപ്പെട്ടിട്ടുണ്ട്. ഫറൂഖിന്റെ കൊലപാതകം കൂടിയായപ്പോൾ എട്ടെണ്ണമായി. ......(ബഹളം).......

മി. സ്പീക്കർ: പ്ലീസ് ..... അദ്ദേഹം പറയട്ടെ. നിങ്ങൾ ഇരിക്കണം. ..... (ബഹളം)...... ശ്രീ. മുരളീധരൻ, അങ്ങ് ഇരിക്കണം. .... നിങ്ങൾ ഇരിക്കണം........ പ്ലീസ്.... പ്ലീസ്...... ശ്രീ. വി. ഡി. സതീശൻ, അദ്ദേഹം സംസാരിക്കട്ടെ. ശ്രീ. കെ. സി. ജോസഫ്, അങ്ങ് സംസാരിക്കണം ...... (ബഹളം)...... അവിടെ ആരും മിണ്ടുന്നില്ല. .... ശ്രീ. എസ്. രാജേന്ദ്രൻ, എന്തിനാണത്? .... ദയവായി അംഗങ്ങൾ ഇരിക്കണം. പ്ലീസ്..... പ്ലീസ്.....

ശ്രീ. കെ. സി. ജോസഫ്: സർ, കഴിഞ്ഞ നാലര മാസത്തിനുള്ളിൽ കണ്ണൂർ ജില്ലയിലുണ്ടായ ഏഴ് രാഷ്ട്രീയ കൊലപാതകങ്ങൾമൂലം കണ്ണൂരിലുണ്ടായിട്ടുള്ള സംഘർഷാത്കമായ സാഹചര്യങ്ങൾ, സമാധാന ചർച്ചയ്ക്കുപോലും തയ്യാറാകാത്ത ഗവൺമെന്റ് സമീപനം എന്നിവ സംബന്ധിച്ച് ഈ സഭ ചർച്ച ചെയ്യണം. കണ്ണൂരിനെ ആരോ അപകീർത്തിപ്പെടുത്തുന്നു എന്ന് അങ്ങ് പറഞ്ഞു. കണ്ണൂരിലെ സംഭവങ്ങൾ കണ്ണൂരിന് മാത്രമല്ല കേരളത്തിനാകെ അപകീർത്തികരമാണ്. കൊലപാതകത്തിൽ കണ്ണൂർ ആറാം സ്ഥാനത്താണെന്നുപറഞ്ഞ് അങ്ങ് ആശ്വസിക്കാൻ ശ്രമിച്ചു. അങ്ങ് പറഞ്ഞ തിരുവനന്തപുരം ജില്ലയുൾപ്പെടെ പാലക്കാട് വരെയുള്ള അഞ്ച് ജില്ലകളിലും നടന്നത് രാഷ്ട്രീയ കൊലപാതകങ്ങളല്ല, ക്വട്ടേഷൻ സംഘങ്ങളും ഗുണ്ടാസംഘങ്ങളുമാണ് കൊല നടത്തിയത്. കണ്ണൂരിൽ

നടക്കുന്നത് അങ്ങ് പറഞ്ഞതുപോലെ ആർ.എസ്.എസ്.ഉം അങ്ങയുടെ പാർട്ടിയും ബോധപൂർവ്വം ആസൂത്രണം ചെയ്യുന്ന രാഷ്ട്രീയ കൊലപാതകമാണ്. ഇവിടെ സത്യം എന്താണ്? കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.യുടെ പിന്നിലുള്ള ആർ.എസ്.എസ്.ന്റെയും കേരളം ഭരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെയും വൈരാഗ്യബുദ്ധിയാണ് കണ്ണൂരിനെ കൊലക്കളമാക്കി മാറ്റുന്നത്. ഈ സഭയിൽവന്ന് എന്റെ ഗവൺമെന്റ് എന്നുപറഞ്ഞ് ഗവൺമെന്റിനുവേണ്ടി നയപ്രഖ്യാപനം നടത്തിയ ഭരണത്തലവനായ കേരള ഗവർണ്ണർപോലും കണ്ണൂരിലെ സംഭവങ്ങളിൽ ഉത്കണ്ഠ രേഖപ്പെടുത്തി. അദ്ദേഹം ആഭ്യന്തര സെക്രട്ടറിയെയും ഡി.ജി.പി.യെയും വിളിച്ചുവരുത്തിയത് സംഭവങ്ങളുടെ ഗൗരവാവസ്ഥയാണ് ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിലെ അച്ചടി ദൃശ്യ മാധ്യമങ്ങളെല്ലാം ഇപ്പോഴും ചർച്ചചെയ്യുന്നത് കണ്ണൂരിലെ രാഷ്ട്രീയ സംഘർഷങ്ങളാണ്, കണ്ണൂരിന്റെ കണ്ണുനീരാണ്. ഇവിടെ മുഖ്യമന്ത്രി പറഞ്ഞു, ജൂലൈ 11-ാം തീയതി രാമന്തളി കുന്നരുവിൽ സി.പി.ഐ.(എം) പ്രവർത്തകനായ ധൻരാജ് കൊലചെയ്യപ്പെട്ടു. 48 മണിക്കൂർ തികയുന്നതിനുമുമ്പ് അന്നൂരിൽ ബി.എം.എസ്. നേതാവായ സി.കെ. രാമചന്ദ്രൻ കൊലചെയ്യപ്പെട്ടു. കഴിഞ്ഞ ദിവസം ദൃശ്യമാധ്യമങ്ങളിൽ രാമചന്ദ്രന്റെയും ധൻരാജിന്റെയും

കുടുംബാംഗങ്ങളുടെ ഇന്റർവ്യൂ കാണാനിടയായി. ധൻരാജിന്റെ വിധവ യുവതിയായ സജിനിയുടെയും രാമചന്ദ്രന്റെ വിധവ രജനിയുടെയും അഭിമുഖം കണ്ടു. ഇവരുടെ കണ്ണുനീരിന് ആരാണ് ഉത്തരം പറയുന്നത്. ഈ സഭയിലെ സഹോദരിമാരറിയണം. ....(ബഹളം)..... എന്താണ് ഇത്. ഒരുവാക്ക് പറയണ്ടേ.

മി. സ്പീക്കർ: അങ്ങ് സംസാരിക്കണം. ......(ബഹളം)....... ചെയർ ഭരണപക്ഷത്തുള്ളവർക്ക് മൈക്ക് കൊടുക്കുന്നില്ല, അവരെ സംസാരിക്കാൻ അനുവദിക്കുന്നുമില്ല. ഈ ശൈലി ആരുടെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്ന് ഞാൻ എപ്പോഴും പറയാറുണ്ട്. ചെയർ ഉച്ചഭാഷിണി നൽകിയിട്ടില്ല. ദയവായി അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കണം.

ശ്രീ. കെ. സി. ജോസഫ്: സർ, ഒരു സ്ത്രീയുടെ ഏറ്റവും വലിയ ദുഃഖം വൈധവ്യ ദുഃഖമാണ്. ആ വിധവകളുടെ കണ്ണുനീർ തോരുമോ; ആ കുഞ്ഞുങ്ങൾക്ക് അച്ഛനുണ്ടാകുമോ; അമ്മമാർക്ക് മക്കളെ തിരിച്ചുകിട്ടുമോ? കുറച്ച് ഫണ്ട് പിരിച്ചുകൊടുക്കാൻ നിങ്ങൾക്ക് സാധിക്കും. നിങ്ങൾ ദേശീയ ഭരണകക്ഷിയും സംസ്ഥാന ഭരണകക്ഷിയുമാണ്. ഈ ഫണ്ട് പിരിച്ചുകൊടുത്താൽ ഈ വിധവകളുടെയും മക്കളുടെയും അമ്മമാരുടെയും വേദന അവസാനിക്കുമോ?

ബഹുമാനപ്പെട്ട സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ഞങ്ങളുടെയെല്ലാം സുഹൃത്താണ്. അദ്ദേഹം കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നു. പയ്യന്നൂരിലെ സംഭവവുമായി ബന്ധപ്പെട്ട് "വയലിൽ പണിയെടുത്താൽ വരമ്പത്ത് കൂലി കിട്ടും" എന്നുള്ള അദ്ദേഹത്തിന്റെ പ്രസ്താവന അത്ഭുതകരമായിരുന്നു. ഇത് ശരിയാണോ? കേരളം ഭരിക്കുന്ന മുഖ്യ രാഷ്ട്രീയ പ്രസ്ഥാനമായ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി പറഞ്ഞത് "വയലിൽ പണിയെടുത്താൽ വരമ്പത്ത് കൂലി കിട്ടും" എന്നാണ്. അദ്ദേഹം അക്രമത്തിന് പരസ്യമായി അണികളെ ആഹ്വാനം ചെയ്യുന്നു. "പണി ചെയ്താൽ കൂലി വാങ്ങാൻ അറിയാം" എന്ന് ബി.ജെ.പി.യും പറഞ്ഞു. നിങ്ങൾ ആരെയാണ് വെല്ലുവിളിക്കുന്നത്? ഇന്നത്തെ മലയാള മനോരമ പത്രത്തിലെ പ്രധാനവാർത്ത "പോലീസ് തലപ്പത്ത് പൊട്ടിത്തെറി" എന്നാണ്. ഐ.പി.എസ്. ഉദ്യോഗസ്ഥർ പരസ്പരം മത്സരിക്കുന്നു. ഉത്തരമേഖലാ ഐ.ജി. ദിനേശ് കശ്യപിന്റെയും ഡി.ജി.പി.യുടെയും പ്രസ്താവനകൾ നിങ്ങൾ വായിച്ചുകാണും. അതിൽ പറഞ്ഞിരിക്കുന്നത്, ഞങ്ങൾ നിസ്സഹായരാണെന്നും പോലീസിന് പരിമിതികളുണ്ടെന്നുമാണ്. എന്താണ് പോലീസിന്റെ പരിമിതി? പോലീസിന് പ്രവർത്തന സ്വാതന്ത്ര്യമുണ്ടോയെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട്

ചോദിക്കുകയാണ്. പോലീസിന്റെ കൈകൾ കെട്ടപ്പെട്ടിരിക്കുന്നു. പയ്യന്നൂരിൽ കൊലപാതകമുണ്ടായപ്പോൾ പ്രതികളെ അറസ്റ്റ് ചെയ്തുവെന്ന് അങ്ങ് പറയുകയുണ്ടായി. അങ്ങയുടെ പാർട്ടിയുടെ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജൻ അങ്ങ് മുഖ്യമന്ത്രിയായിരിക്കുമ്പോൾ പയ്യന്നൂർ പോലീസ് സ്റ്റേഷനകത്തുകയറി സമരം നടത്തിയില്ലേ? തൊട്ടുപിന്നാലെ കൂത്തുപറമ്പിൽ ഏര്യ സെക്രട്ടറിയും സ്റ്റേഷനകത്തുകയറി സമരം നടത്തി. അങ്ങയെ കരിങ്കൊടി കാണിച്ചെന്ന പേരിൽ യൂത്ത് കോൺഗ്രസ്സുകാരുടെ പേരിൽ non-bailabale കേസ്സെടുത്തു. പയ്യന്നൂർ സ്റ്റേഷനിൽ കയറി സമരം നടത്തിയതിനെതിരെ ശ്രീ. പി. ജയരാജനെതിരെ കേസ്സെടുത്തോ? നിയമം രണ്ടുവഴിക്കാണ് പോകുന്നത്. പത്തനംതിട്ടയിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ സ്റ്റേഷനിൽ കയറി പ്രതിയെ മോചിപ്പിച്ചുകൊണ്ടുപോയി. ദയവായി അണികളെ കയറൂരിവിടരുതെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് ആദരപൂർവ്വം പറയാനുള്ളത്. നിയമം കയ്യിലെടുക്കാൻ ആരെയും പ്രോത്സാഹിപ്പിക്കരുത്. ....(ബഹളം)......... കേരളത്തിലെ മാധ്യമങ്ങളായ മലയാള മനോരമയും മാതൃഭൂമിയും മാത്രമല്ല, അങ്ങയുടെ വലതുവശത്തിരിക്കുന്ന ശ്രീ. ഇ. ചന്ദ്രശേഖരന്റെ പാർട്ടിയായ സി.പി.ഐ. യുടെ പത്രമായ ജനയുഗം

പോലും ഇതുസംബന്ധിച്ച് പറയുകയുണ്ടായി. മലയാള മനോരമ പത്രത്തിൽ 'കണ്ണനീരിന്റെ മുറിവുകൾ, രാഷ്ട്രീയ കൊലപാതകങ്ങൾ കേരളത്തെ കരയിക്കുന്നു' എന്നാണ് വാർത്തവന്നത്. കേരളത്തിന്റെയാകെ ആശങ്കയും സങ്കടവുമായി കണ്ണൂർ മാറിയിരിക്കുന്നു. ഒരു മത്സരത്തിലെന്നപോലെ എണ്ണം തികയ്ക്കാനായി രാഷ്ട്രീയ കക്ഷികൾ പകവീട്ടലിന് ഇറങ്ങുമ്പോൾ കൊന്നും കൊടുത്തും യൗവ്വനങ്ങൾ ഒടുങ്ങുമ്പോൾ കണ്ണൂരിന്റെ മണ്ണ് കണ്ണീരും ചോരയുംകൊണ്ട് നനഞ്ഞിരിക്കുന്നു. ഒരോ രാഷ്ട്രീയ കൊലപാതകത്തെയുംത്തുടർന്ന് കേരളത്തിലെ ആയിരമായിരം അമ്മമാരുടെ വിലാപങ്ങളെക്കുറിച്ച് ആലോചിക്കണ്ടേ. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ "കണ്ണൂർ, ഇനിവീഴരുത് ഒരു തുള്ളി ചോര" എന്നാണ് വാർത്തവന്നിരിക്കുന്നത്. ഒരു കത്തിയിൽ നിന്നും ചോര ഒലിക്കുന്ന ചിത്രവുമുണ്ട്. "ചോരയിൽ കിടപ്പോനെ, മകനെന്നല്ലോ നിന്റെ പേര്" ഇത് അങ്ങ് ആദരിക്കുന്ന സുഗതകുമാരി ടീച്ചറിന്റെ വരികളാണ്.............(ബഹളം)...........

മി. സ്പീക്കർ: നിങ്ങൾ എന്തിനാണ് അവരെ പ്രകോപിപ്പിക്കുന്നത്. ചെയറിന് ഒന്നും ചെയ്യാനില്ല. ചെയർ ആർക്കും ഉച്ചഭാഷിണി കൊടുത്തിട്ടില്ല. ഇത്തരം കമന്റ് പറയുന്ന രീതി നിങ്ങളും അവസാനിപ്പിക്കണം. ആരും ചെയ്യാൻ

പാടില്ല. ഈ ക്ഷോഭം എപ്പോഴും കാണണം. ചെയർ എങ്ങനെയാണ് അടക്കിയിരുത്തേണ്ടത്? അതൊക്കെ സഭാനടപടികളുടെ ഭാഗമായി സഭാംഗങ്ങൾ പാലിക്കേണ്ട മര്യാദകളാണ്. എല്ലാവർക്കും ബാധകമാണ്. നിങ്ങളും ചില സമയങ്ങളിൽ മോശമാണ്. പ്ലീസ്... നിങ്ങൾ സീറ്റിലിരിക്കൂ. പ്ലീസ്....ശ്രീ. എ. എൻ. ഷംസീർ, ശ്രീ. ആർ. രാജേഷ്....പ്ലീസ്..

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: പ്രതിപക്ഷ നേതാവ്, അവരോട് സീറ്റിലിരിക്കാൻ പറയൂ. പ്രതിപക്ഷ നേതാവിന് എന്തോ സംസാരിക്കാനുണ്ട്. നിങ്ങൾ ദയവായി സീറ്റിലേയ്ക്ക് പോകൂ. നിങ്ങൾ പോയാൽ മാത്രമേ പ്രതിപക്ഷ നേതാവിന് സംസാരിക്കാൻ കഴിയൂ. ഇവർ സീറ്റിലിരുന്നാൽ പ്രതിപക്ഷ നേതാവിന് സംസാരിക്കാം. പ്ലീസ്.... ശ്രീ. കെ.എം. ഷാജി, അനാവശ്യമായി കമന്റുകൾ പറയുന്ന രീതി നിങ്ങളും കാണിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളാരും ചെയറിനെ ഭീഷണിപ്പെടുത്തേണ്ട. സഭ നടത്തിക്കൊണ്ടുപോകാൻ ചെയറിനുമറിയാം, ഭീഷണിപ്പെടുത്തരുത്. ഒരാൾ സംസാരിക്കുമ്പോൾ രണ്ടുഭാഗത്തുനിന്നും അനാവശ്യമായ വാക്കുകൾ ഉണ്ടാകരുതെന്ന് ഞാനെപ്പോഴും

പറയാറുണ്ട്. നിങ്ങളും എല്ലാസമയവും നിശബ്ദരായിട്ടല്ല ഇരിക്കുന്നത്. ശ്രീ. പി.കെ.ബഷീർ, ശ്രീ. എ. എൻ. ഷംസീർ, സീറ്റിലിരിക്കൂ.

(ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം പ്രതിപക്ഷാംഗങ്ങൾ നിശബ്ദരാവുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാവുകയും ചെയ്തു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ ഈ ഭാഗത്തുനിന്നും ആരും ഒരു ശബ്ദവുമുണ്ടാക്കിയില്ല. ഒന്നും പറയാനില്ലാത്തതുകൊണ്ടല്ല, അത് ഞങ്ങൾ പറയാം. ....(ബഹളം)........... ശ്രീ. കെ. സി. ജോസഫ് 34 വർഷമായി നിയമസഭയിലുള്ള സീനിയർ അംഗമാണ്. ശ്രീ. എ. എൻ. ഷംസീർ വന്നിട്ട് 10 ദിവസമേ ആയിട്ടുള്ളൂ. അതാണ് പ്രശ്നം. ഇവിടെ റണ്ണിംഗ് കമന്ററികൾ നടത്തുന്നത് ശരിയല്ല. പ്രതിപക്ഷത്തുനിന്നും ഇന്നാരെങ്കിലും റണ്ണിംഗ് കമന്ററി പറഞ്ഞോ? പറഞ്ഞവരെപ്പറ്റിയാണ് അങ്ങ് പറയേണ്ടത്. ....(ബഹളം).........

മി. സ്പീക്കർ: ആ ശൈലി രണ്ടുഭാഗത്തുനിന്നും ഉണ്ടെന്നുള്ളത് നിർഭാഗ്യകരമാണ്. ഇന്നുണ്ടായിട്ടില്ലെന്നുള്ളത് ശരിയാണ്. പലപ്പോഴും സംസാരിക്കുമ്പോൾ കമന്റ് പറയുന്ന രീതി രണ്ടുഭാഗത്തുമുള്ള പുതിയ അംഗങ്ങൾ

തുടരുന്നുണ്ട്. അത് ശരിയല്ല. പുതിയ അംഗങ്ങൾക്ക് അതിനെക്കുറിച്ചൊരു ധാരണയില്ലെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്ന് പ്രതിപക്ഷത്തുനിന്നും ആരെങ്കിലും പറഞ്ഞോ?

മി. സ്പീക്കർ: ഇന്നുണ്ടായിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, പിന്നെന്തിനാണ് രണ്ടുഭാഗവും പറയുന്നത്. ഇന്ന് പറഞ്ഞവരെപ്പറ്റി അങ്ങ് ആദ്യം പറയണം. ഇത് ശരിയല്ല. അങ്ങ് ഇവരെ നിയന്ത്രിക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കഴിഞ്ഞ നിയമസഭയിലുണ്ടായ വളരെ നിർഭാഗ്യകരമായ സ്ഥിതിയിലേയ്ക്ക് പോകരുതെന്നുള്ളതുകൊണ്ടാണ് പ്രതിപക്ഷം വളരെ restrain ചെയ്യുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ച യോഗത്തിൽ, ഞങ്ങൾ സഹകരിക്കാൻ തയ്യാറാണെന്നും എപ്പോഴുമെപ്പോഴും വെല്ലിൽ ഇറങ്ങുന്ന പരിപാടി നല്ലതല്ലെന്നുമുള്ള കാര്യങ്ങൾ പറഞ്ഞിരുന്നതാണ്. പക്ഷേ, അൽപ്പം ഡിസിപ്ലിൻ പാലിക്കണ്ടേ. ആർക്കും അഭികാമ്യമല്ലാത്ത കാര്യങ്ങൾ കഴിഞ്ഞ നിയമസഭയിലുണ്ടായത് അങ്ങേയ്ക്കും അറിയാവുന്നതാണല്ലോ. ആ നിലയിലേയ്ക്ക് പോകുന്നത് ഗവൺമെന്റിനും

പ്രതിപക്ഷത്തിനും നല്ലതല്ല. നല്ല നിലവാരത്തിൽ കൊണ്ടുപോകാൻ എല്ലാവരും സഹകരിക്കണ്ടേ? ശ്രീ. കെ. സി. ജോസഫ് സംസാരിക്കുമ്പോൾ അൽപ്പം ഡിസിപ്ലിൻ പാലിച്ചാൽ എന്താണ് കുഴപ്പം? മുദ്രാവാക്യം വിളിക്കുമ്പോൾ എല്ലാവരും അനാവശ്യങ്ങളൊക്കെ പറയും. അത്തരം നിലവാരം കുറയ്ക്കുന്ന സ്ഥിതിയിലേയ്ക്ക് എന്തിനാണ് പോകുന്നത്? പുതിയ മെമ്പർമാർക്ക് ആവശ്യമെങ്കിൽ ഓറിയന്റേഷൻ ക്ലാസ്സോ മറ്റോ കൊടുത്ത് ക്ലിയറാക്കണം.

മി. സ്പീക്കർ: അനാവശ്യമായി ശബ്ദമുണ്ടാക്കുന്ന ആർക്കും ചെയർ ഉച്ചഭാഷിണി അനുവദിക്കാറില്ല. സ്വാഭാവികമായും സഭയിൽ രണ്ട് അഭിപ്രായങ്ങളുയർന്നുവരും. അത് സഭാമര്യാദയും നടപടിക്രമങ്ങളും പാലിച്ച് നിശബ്ദമായി കേൾക്കുന്നതാണ് മര്യാദയെന്ന് ചെയർ വീണ്ടും റൂൾ ചെയ്യുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, സി.പി.ഐ.യുടെ മുഖപത്രമായ ജനയുഗത്തിന്റെ ഒക്ടോബർ 14-ലെ മുഖപ്രസംഗത്തിൽ "കണ്ണൂരിൽ പഠിക്കേണ്ടതും തിരുത്തേണ്ടതും" എന്ന തലക്കെട്ടോടുകൂടി വന്ന വാർത്ത. 'കൊലപാതക രാഷ്ട്രീയവും രാഷ്ട്രീയ അഴിമതിയും ഇടതുപക്ഷത്തെ തകർക്കാനുള്ള ആയുധമാക്കാൻ ഒരവസരവും സൃഷ്ടിക്കാതിരിക്കാനുള്ള

രാഷ്ട്രീയപക്വത ഭരണ രാഷ്ട്രീയനേതൃത്വത്തിന് ഉണ്ടാകണം.....' എന്നായിരുന്നു. ഇതാരോടാണ് പറയുന്നത്; ഞങ്ങളോടല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒന്നാമത്തെ പ്രയോരിറ്റി കണ്ണൂരിൽ നിയമവാഴ്ച പുന:സ്ഥാപിക്കാനായിരിക്കണം. അങ്ങ് ഇക്കാര്യത്തിൽ കാണിക്കുന്നത് കുറ്റകരമായ അനാസ്ഥയാണ്. എന്തുകൊണ്ട് എൽ.ഡി.എഫ്. ഭരിക്കുമ്പോൾ മാത്രം കണ്ണൂരിൽ സംഘർഷമുണ്ടാകുന്നു? കഴിഞ്ഞ 20 വർഷത്തെ ചരിത്രമെടുത്ത് നോക്കിയാൽ ഇക്കാര്യം വ്യക്തമാകും. ഗാന്ധിവധത്തിന് ഉത്തരവാദികളായ, ഇന്ത്യയിൽ വർഗ്ഗീയ വൈരം ആളിക്കത്തിക്കുന്ന ആർ.എസ്.എസ്.ന്റെ രാഷ്ട്രീയ അജണ്ടയ്ക്ക് ദയവായി സി.പി.ഐ.(എം) വഴിയൊരുക്കരുത്. അങ്ങ് മുഖംനോക്കാതെ കർശന നടപടി സ്വീകരിക്കണം. അതിനുള്ള ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും ഗവൺമെന്റിനുണ്ടോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. വെറുപ്പിന്റെ രാഷ്ട്രീയം പ്രചരിപ്പിക്കാനാണ് മാർക്സിസ്റ്റ് പാർട്ടിയും ബി.ജെ.പി.യും ശ്രമിക്കുന്നത്. ഈ രണ്ട് പാർട്ടികളും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളാണ്. രണ്ടുപേരുടേതും ഫാസിസ്റ്റ്ശൈലിയാണ്. കണ്ണിന് കണ്ണ്, പല്ലിന് പല്ല് എന്ന കാടൻ സമീപനം സ്വീകാര്യമാണോ? സ്റ്റേഷൻ തലത്തിലും സർക്കിൾ

തലത്തിലും യോഗം വിളിച്ചതായി അങ്ങ് പറഞ്ഞു. ശ്രീ. ഇ. പി. ജയരാജൻ ഉൾപ്പെടെ നാല് മന്ത്രിമാർ കണ്ണൂരിൽ നിന്നുണ്ടായിരുന്നു. അങ്ങയെ ഒഴിവാക്കിയാലും ബാക്കിയുള്ള മൂന്നുപേരിൽ ഒരാളെങ്കിലും മുൻകയ്യെടുത്ത് ഒരു യോഗം വിളിക്കാൻ തയ്യാറായോ? കഴിഞ്ഞ അഞ്ചുവർഷം ഞാൻ കണ്ണൂരിന്റെ ചുമതലയുള്ള മന്ത്രിയായിരുന്നു. സംഘർഷമുണ്ടാകുമ്പോൾ ദുരഭിമാനമില്ലാതെ യോഗം വിളിച്ച് ചർച്ച ചെയ്യും. നാലരമാസക്കാലമായി ഏഴുപേരുടെ ജീവൻ പൊലിഞ്ഞിട്ടും ഗൗരവമായ ഒരു സമീപനത്തിന് തയ്യാറാകുന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് 'ആർ.എസ്.എസ്. വേണമെങ്കിൽ മുഖ്യമന്ത്രിയെ കാണട്ടെ' എന്നാണ്. 'ഞങ്ങൾ അപേക്ഷയുമായി എ.കെ.ജി. സെന്ററിൽ പോകുന്നില്ല' എന്നാണ് ആർ.എസ്.എസ്. പറഞ്ഞത്. ഇങ്ങനെയുള്ള വാശി വേണോ; ശ്രീ. കോടിയേരി ബാലകൃഷ്ണൻ 5 വർഷം കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ആളാണ്. അദ്ദേഹത്തിൽനിന്ന് ഇങ്ങനെയുള്ള വാക്ക് പ്രതീക്ഷിച്ചില്ല. പ്രതിപക്ഷ നേതാവും പ്രതിപക്ഷ ഉപനേതാവും മുൻ മുഖ്യമന്ത്രിയും ഇന്നലെ അങ്ങയെ കണ്ടു. അങ്ങയുടെ ഭാഗത്തുനിന്ന് ഒരു പോസിറ്റീവായ സമീപനമുണ്ടാകുമെന്ന് ഞങ്ങൾ വിചാരിച്ചു. പക്ഷെ, അങ്ങ് ആ സമീപനം സ്വീകരിച്ചില്ല. 20 കൊല്ലത്തെ രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ സഖാവ് ഇ.കെ. നായനാർ, സർവ്വശ്രീ. എ. കെ.

ആന്റണി, വി. എസ്. അച്ചുതാനന്ദൻ, ഉമ്മൻ ചാണ്ടി എന്നിവർ എന്നെല്ലാം സംഘർഷങ്ങളുണ്ടായിട്ടുണ്ടോ അന്നെല്ലാം മുഖ്യമന്ത്രി എന്ന നിലയിൽ ഇടപെട്ട് ഉപശാലകളിലൂടെ, കർട്ടന് പിന്നിലും മുന്നിലുംകൂടെയെല്ലാം ചർച്ചകൾ നടത്തി പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ട് എന്ന് മനസ്സിലാകും. അങ്ങ് അതിന് തയ്യാറായില്ല. സി.പി.ഐ. സംസ്ഥാന കൗൺസിൽ ജനയുഗം പത്രത്തിൽ - 'കണ്ണൂരിൽ സംസ്ഥാന സർക്കാർ മുൻകയ്യെടുത്തുകൊണ്ട് സമാധാനം ഉറപ്പാക്കണം' എന്നെഴുതിയിരിക്കുന്നു. അതെങ്കിലും കേൾക്കേണ്ടതല്ലേ? ഇവിടെ മുഖ്യമന്ത്രിക്ക് ദുരഭിമാനം പാടില്ല. അങ്ങ് പ്രധാനമന്ത്രിയുടെ ഫേസ്ബുക്കിലുള്ള ആളാണ്. അങ്ങ് പ്രധാനമന്ത്രിയെ പ്രശംസിച്ചു, പ്രധാനമന്ത്രി 'എന്റെ വീട് കേരള മുഖ്യമന്ത്രിക്ക് സ്വന്തം വീടുപോലാണെന്ന്' പറഞ്ഞു. ഇത്രയും നല്ല ബന്ധമുണ്ടെങ്കിൽ അങ്ങേയ്ക്കൊന്ന് ബന്ധപ്പെട്ടുകൂടേ, ഇടപെട്ട് പരിഹാരമുണ്ടാക്കിക്കൂടേ? ഇതിന് informal parleys ഉണ്ടാകണം. ചർച്ചകൾ നടത്തണം. ഞാൻ വീണ്ടും ആവർത്തിക്കുന്നു, ദയവായി കേരളത്തിലെ മുഖ്യമന്ത്രിക്ക് ദുരഭിമാനം ഉണ്ടാകാൻ പാടില്ല. അങ്ങ് സി.പി.ഐ.(എം) നേതാവ് മാത്രമല്ല, ഞങ്ങളുടെ മുഖ്യമന്ത്രികൂടിയാണ്. സംഘർഷത്തിന്റെ പേരിൽ ഇനിയൊരു ജീവൻ കണ്ണൂരിൽ പൊലിയാൻ ഇടയാക്കരുത്. ചർച്ചകൾ നടത്തണം. ദുരഭിമാനം വെടിയണം. ഈ

കാര്യങ്ങൾ ഈ സഭ ചർച്ച ചെയ്യണം.

മി. സ്പീക്കർ: ശ്രീ. ഒ. രാജഗോപാൽ, ഇതേ വിഷയത്തിൽ ഒരു സബ്മിഷൻ നേരത്തെ നൽകിയിരുന്നു. അദ്ദേഹത്തിന് ഒരു മിനിട്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ വിഷയത്തെക്കുറിച്ച് പ്രതിപക്ഷ നേതാവ് സംസാരിച്ചുകഴിഞ്ഞതിനുശേഷം സംസാരിക്കാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ കെ. സി. ജോസഫ്, ഏതൊരാൾ കൊലചെയ്യപ്പെട്ടാലും ആ കൊലചെയ്യപ്പെടുന്നതിന്റെ ഭാഗമായുള്ള വേദനയെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അതിലൊന്നും അഭിപ്രായ വ്യത്യാസത്തിന്റെ ഒരു കാര്യം വരുന്നില്ല. അത് വസ്തുതയാണ്. ആര് കൊലചെയ്യപ്പെട്ടാലും ഈ കൊലചെയ്യപ്പെട്ട ആളുടെ വിധവ അങ്ങേയറ്റത്തെ വേദനയാണല്ലോ അനുഭവിക്കുന്നത്. കഴിഞ്ഞ കാലമൊക്കെ നമ്മളെടുത്താൽ തൃശ്ശൂരിലെ മധു, ലാൽജി എന്നൊക്കെ ചില പേരുകൾ നമ്മൾ ആ ഘട്ടത്തിൽ ചർച്ച ചെയ്യാറുണ്ടായിരുന്നു. അത് കോൺഗ്രസ്സുകാർതന്നെ പ്രതികളായി വന്ന സംഭവങ്ങളാണ്. ഇത്തരത്തിലൊരു വികാരപ്രകടനമൊന്നും അന്ന് ഒരു കോൺഗ്രസ് നേതാവിന്റെ ഭാഗത്തുനിന്നും കണ്ടിട്ടില്ല. ചാവക്കാട്ട് ഖനീഫയുടെ വീട്ടിൽ ഞാനും

പോയിരുന്നു. ആ ഉമ്മയുടെ വേദന നേരിട്ട് അറിയാൻ കഴിഞ്ഞ ഒരാളാണ് ഞാൻ. അപ്പോൾ ആർക്കായാലും ഈപ്പറയുന്ന സംഭവങ്ങളിൽ കുടുംബങ്ങൾക്ക് വല്ലാത്ത വേദനയാണുണ്ടാകുന്നത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ നാട്ടിലുയർന്നുവരേണ്ട സംസ്കാരമെന്ത് എന്നതാണ് ഇതിന്റെയെല്ലാം ഭാഗമായി നാം ചിന്തിക്കേണ്ടത്. ഗവർണ്ണർ ഈ സംഭവങ്ങളിലാകെ ഉത്കണ്ഠ രേഖപ്പെടുത്തിയെന്ന് ഇവിടെ അദ്ദേഹം പറഞ്ഞു. അങ്ങനെയൊരു ഉത്കണ്ഠ രേഖപ്പെടുത്തൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. അദ്ദേഹം സാധാരണനിലയ്ക്ക് കാര്യങ്ങളെന്താണ് നടക്കുന്നതെന്ന് അന്വേഷിച്ചിട്ടുണ്ടാകും. അതിന്റെ പിന്നിലെന്താണുണ്ടായതെന്ന് അന്വേഷിക്കാൻ ഞാൻ പുറപ്പെട്ടിട്ടില്ല. ഇവിടെ കൊലപാതകങ്ങളുടെ സ്ഥിതി പറയുമ്പോൾ കഴിഞ്ഞ ഭരണകാലത്ത് എല്ലാം ശാന്തമായിരുന്നുവെന്നാണ് അങ്ങ് സ്ഥാപിക്കാൻ നോക്കിയത്. എന്നാൽ യു.ഡി.എഫ്. ഭരണകാലത്ത് സി.പി.ഐ.(എം)-ന്റെയും ഡി.വൈ.എഫ്.ഐ.-യുടെയും എസ്.എഫ്.ഐ.-യുടെയും 16 പ്രവർത്തകരാണ് കൊലചെയ്യപ്പെട്ടത്. അതേസമയം നിങ്ങൾതന്നെ നൽകിയിട്ടുള്ള ഉത്തരത്തിൽ 8 ആർ.എസ്.എസ്./ബി.ജെ.പി. പ്രവർത്തകരും കൊലചെയ്യപ്പെട്ടുവെന്ന് പറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് യു.ഡി.എഫ്. ഭരണകാലത്ത്

ഒരുതരത്തിലുള്ള രാഷ്ട്രീയ സംഘർഷവും ഉണ്ടാകാറില്ല എന്ന ഒരു നിലയെടുക്കുന്നത് വസ്തുതകൾ മറച്ചുവയ്ക്കലാണ് എന്നുമാത്രമേയുള്ളൂ. ഇവിടെ പോലീസിന് ഏതെങ്കിലും തരത്തിലുള്ള പരിമിതി അവരുടെ പ്രവർത്തനത്തിനില്ല. പോലീസിന്റെ പ്രവർത്തനത്തിൽ സി.പി.ഐ.(എം.)-ന്റെ ആളുകൾക്കും പ്രതിഷേധമുണ്ടായിരുന്നുവെന്ന് അദ്ദേഹംതന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതെന്താണ് കാണിക്കുന്നത്; പോലീസ് കൃത്യമായി ഇടപെടുന്നുവെന്നാണല്ലോ. അതാണല്ലോ അങ്ങ് ചൂണ്ടിക്കാണിച്ച ഉദാഹരണത്തിലൂടെ വ്യക്തമാകുന്നത്. പോലീസ് അക്രമസംഭവങ്ങളെ ശരിയായ രീതിയിൽത്തന്നെ ഇടപെട്ട് പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. ഇവിടെ പോലീസിന് പരിമിതിയുണ്ടെന്ന് പറഞ്ഞത് അവർക്ക് പ്രവർത്തന സ്വാതന്ത്ര്യത്തിന്റെ പരിമിതിയല്ല. ഒരു സംഭവമുണ്ടായി, ആ സംഭവത്തിന്റെ ഭാഗമായി സാധാരണ നിലയ്ക്കുള്ള സമാധാന സംഭാഷണം നടത്തുന്നു. അതുമായി സഹകരിക്കാൻ ഒരു കൂട്ടർ തയ്യാറാകുന്നില്ല. തയ്യാറാകാതെ അടുത്ത സംഭവം നടത്താനുള്ള തയ്യാറെടുപ്പിലേയ്ക്കാണ് പോകുന്നത്. അതായിരിക്കാം പരാമർശിച്ചത്. അതല്ലാതെ അവർക്ക് പ്രവർത്തന സ്വാതന്ത്ര്യത്തിന് എന്തെങ്കിലും പരിമിതിയുണ്ട് എന്നല്ല. സമാധാനത്തിനുവേണ്ടി ഒരു ഭാഗത്ത് ശ്രമിക്കുമ്പോൾ അതുമായി സഹകരിക്കാതെ വീണ്ടും അക്രമങ്ങൾ

നടത്താനുള്ള തയ്യാറെടുപ്പുകളിൽ ഏർപ്പെടുന്നുവെന്ന ആ പരിമിതിയായിരിക്കും ഈ ഉത്തരവാദപ്പെട്ട പോലീസ് ഉദ്യോഗസ്ഥർതന്നെ പ്രതികരണത്തിലൂടെ ഒരുപക്ഷെ വ്യക്തമാക്കിയിട്ടുള്ളത്. ഇവിടെ ഏതെങ്കിലും തരത്തിലുള്ള പക്ഷപാതിത്വപരമായ നിലപാട് ഒരു സംഭവത്തിലും പോലീസ് സ്വീകരിച്ചിട്ടില്ല. നമ്മുടെ നാട്ടിൽ കുറേക്കാലമായി പല ഭാഗങ്ങളിൽ രാഷ്ട്രീയ സംഘർഷ അന്തരീക്ഷം രൂപപ്പെട്ടുവരികയും അത് കൊലപാതകങ്ങളിലെത്തുകയും ചെയ്യുന്നുണ്ട്. അത് ഈ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം മാത്രമുള്ള ഒരവസ്ഥയല്ല. ഇത് അങ്ങേയറ്റം ദൗർഭാഗ്യകരമായ ഒരവസ്ഥ തന്നെയാണ്. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകും. ആ അഭിപ്രായ വ്യത്യാസങ്ങളിലെങ്കിൽ രാഷ്ട്രീയ പാർട്ടികളാകില്ല. അത് സ്വാഭാവികമല്ലേ? രണ്ട് പ്രസ്ഥാനങ്ങൾക്കിടയിൽ മാത്രമല്ല രണ്ട് വ്യക്തികൾക്കിടയിൽത്തന്നെ ഒരേ അഭിപ്രായം എല്ലാ കാര്യങ്ങളിലും ഉണ്ടാകണമെന്നില്ല. അഭിപ്രായ വ്യത്യാസങ്ങളായാലും വ്യത്യസ്ത സമീപനങ്ങളായാലും അതിന്റെയൊക്കെ അടിസ്ഥാനത്തിൽ പ്രതികാര മനോഭാവമുണ്ടാകുന്നതാണല്ലോ പ്രശ്നം. ഈ പ്രതികാര മനോഭാവത്തിന്റെ അടിസ്ഥാനത്തിൽ കൊലപാതകങ്ങളുണ്ടാകുന്നു. അത് നീതീകരിക്കാനാവുന്നതല്ല. ഒരു പരിഷ്കൃത സമൂഹത്തിന് ഒരു രീതിയിലും ചേരുന്നതുമല്ല. നമ്മുടെ നാടിനെപ്പറ്റി

നമ്മളെല്ലാവരും അഭിമാനിക്കാറുള്ളത് പ്രബുദ്ധമായ ഒരു സംസ്ഥാനമാണെന്നാണ്. നമ്മുടേതുപോലുള്ള പ്രബുദ്ധമായ ഒരു സംസ്ഥാനത്തിന്റെ കാര്യത്തിൽ ഇത് നമ്മൾ എപ്പോഴും ഓർത്തുപോകേണ്ടതായിട്ടുണ്ട്. പക്ഷെ, നിർഭാഗ്യകരമായ ചില സംഭവങ്ങൾ ചില പ്രദേശങ്ങളിലുണ്ടാകുന്നു. ഇതിനെ നമുക്ക് മറികടക്കാനാകണം. അതിന് കൂട്ടായ ശ്രമം നല്ലതുതന്നെയാണ്. അത് സാധ്യമാകണമെങ്കിൽ എല്ലാ പ്രസ്ഥാനങ്ങളുടെയും പ്രവർത്തകർ ബോധപൂർവ്വം ശ്രമിക്കേണ്ടതുണ്ട്. ദൃഢനിശ്ചയത്തോടെ സമാധാനപരമായി നിലകൊള്ളുമെന്ന് ഉറപ്പിക്കാൻ കഴിയണം. വൈകാരികമായ പ്രതികാര പ്രവർത്തനങ്ങളല്ല ഉണ്ടാകേണ്ടത്. അതിനപ്പുറത്ത് നാടിന്റെ വികസനവും നാട്ടുകാരുടെ നന്മയും സമൂഹത്തിന്റെ പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ട് ഇവയിലെല്ലാം ശ്രദ്ധ കേന്ദ്രീകരിക്കുന്ന നിലയുണ്ടാകണം. അവിടെയാണ് മനുഷ്യത്വമെന്ന മഹാഗുണത്തിന്റെ മഹത്വം എല്ലാപേരും ഉൾക്കൊള്ളേണ്ടത്. അത് മനസ്സിൽനിന്ന് ചോർന്നുപോകാൻ ഒരു സാഹചര്യത്തിലും അനുവദിക്കില്ല എന്ന് നിശ്ചയിക്കുന്ന നിലയുണ്ടാകണം. പാർട്ടികൾ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടാകും. അതിന് വ്യത്യസ്ത പാർട്ടികളിൽപ്പെട്ടവർ തമ്മിൽ കൊന്നൊടുക്കിയതുകൊണ്ട് അഭിപ്രായ വ്യത്യാസം പരിഹരിക്കാനാകുമോ? എതിരഭിപ്രായം ഉണ്ടായാൽ ആ

എതിരഭിപ്രായത്തിൽ നിൽക്കുന്ന ആൾ യഥാർത്ഥത്തിൽ വസ്തുത മനസ്സിലാക്കണം. ഓരോ രാഷ്ട്രീയ പാർട്ടിയും പ്രവർത്തിക്കുന്നതെന്തിനാണ്? അവർ പ്രവർത്തിക്കുന്നത് മറ്റ് രാഷ്ട്രീയക്കാരെക്കൂടി ആകർഷിക്കാനല്ലേ? അപ്പുറത്തുനിൽക്കുന്ന ആൾ ഇങ്ങോട്ട് വരേണ്ട ആളാണ് എന്ന ചിന്തയോടെയല്ലേ പ്രവർത്തിക്കേണ്ടത്; അത്തരം ചിന്തയോടെ പ്രവർത്തിക്കുമ്പോൾ നാളെ നമ്മളോടൊപ്പം വരേണ്ട ആളാണ്, നമ്മുടെ സഹോദരനാണ് എന്നൊരു ചിന്തയല്ലേ എല്ലാപേർക്കുമുണ്ടാകേണ്ടത്. ഒരുതരത്തിലുമുള്ള പ്രതികാര മനോഭാവം വച്ചുപുലർത്താൻ പാടില്ല. അങ്ങനെയായാൽ ഈ അവസ്ഥ ആകെ മാറും. ഇത്തരം ഒരു മനോഭാവമുണ്ടായാൽ അന്തരീക്ഷമാകെ മാറും. പ്രതികാര ചിന്ത പൂർണ്ണമായും മാറുന്ന സ്ഥിതി വരും. നാളെ നമുക്കുവേണ്ടി നിൽക്കേണ്ട വ്യക്തിയെ ഇന്നേ കൊല്ലുകയോ എന്നൊരു ചിന്ത മനസ്സിൽ ഉയർന്നുവരാൻ ഇടയാകും. അദ്ദേഹത്തെക്കൂടി ഇങ്ങോട്ട് ആകർഷിക്കേണ്ടതാണ് എന്നൊരു തോന്നൽ മനസ്സിലുണ്ടായാൽ നാളെ ഇങ്ങോട്ട് വരേണ്ട ആളല്ലേ, അപ്പോൾ അദ്ദേഹത്തെ ഇന്നേ കൊല്ലാൻ പാടുണ്ടോ എന്നൊരു ചിന്ത മനസ്സിൽ വരില്ലേ? അങ്ങനെവന്നാൽ ശാന്തിയുടെ, സഹവർത്തിത്വത്തിന്റെ, സാഹോദര്യത്തിന്റെ

അന്തരീക്ഷം ഓരോ ആളുടെ മനസ്സിലും സമൂഹത്തിലും ഉണ്ടാകുന്ന നിലവരും. എല്ലാ രാഷ്ട്രീയ ചിന്താധാരകളിലുംപെട്ടവർക്ക് മനുഷ്യത്വത്തിന്റേയും നാടിന്റെ വികസനത്തിന്റെയും ജനക്ഷേമത്തിന്റെയും കാര്യത്തിൽ ഒരുമിക്കാൻ കഴിയണം. ഇതിനുവേണ്ടി എല്ലാ ബഹുജനങ്ങളും കൈകോർത്തുപിടിച്ച് മുന്നേറേണ്ട ഘട്ടമാണിത്. അത്തരമൊരു ഘട്ടത്തിൽ ശത്രുതാമനോഭാവത്തോടെ പരസ്പരം കാണുന്ന നിലപാട് എല്ലാപേരും ഒഴിവാക്കാൻ തയ്യാറാകണം. രാഷ്ട്രീയ പ്രബുദ്ധതയും വിവേകവും മനുഷ്യത്വവും ആവശ്യപ്പെടുന്നത് ഇതൊക്കെയാണ്. ക്രൗര്യംകൊണ്ട് ഒരാളെ ഇല്ലാതാക്കാൻ കഴിയും. പക്ഷെ തിരുത്താൻ കഴിയില്ല. സൗമനസ്യംകൊണ്ടേ ആരെയും തിരുത്താനാകു. മനുഷ്യത്വപൂർണ്ണമായ ആ സൗമനസ്യത്തിന്റെ രാഷ്ട്രീയത്തിനായി എല്ലാപേരും സ്വയം അർപ്പിക്കുകയാണ് വേണ്ടത്. അങ്ങനെവന്നാൽ ഈ നാട് ഒരുമയോടെ പുരോഗമിക്കും. നമ്മുടെ വരുംതലമുറകൾക്ക് സ്വച്ഛമായി ഐശ്വര്യത്തിൽ കഴിയാനാകുന്ന ഒരന്തരീക്ഷം സൃഷ്ടിക്കാനാകും. സമാധാന അന്തരീക്ഷം നിലനിർത്താൻ വേണ്ടി ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കും. ആ നടപടികളോട് എല്ലാപേരും സഹകരിക്കണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുകയാണ്. ഇത് സഭ

നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങ് അവസാനം പറഞ്ഞ ആശയങ്ങളോട് യോജിക്കുകയാണ്. പക്ഷെ നിർഭാഗ്യവശാൽ അത് ആരും ഉൾക്കൊള്ളുന്നില്ല. ഒരു രാഷ്ട്രീയ പാർട്ടി പ്രവർത്തിക്കുമ്പോൾ എതിരാളികൾ നാളെ നമ്മുടെക്കൂടെ വരേണ്ടവരാണ്, നാളത്തെ സഹപ്രവർത്തകരാകേണ്ടവരാണ് എന്നുള്ള ചിന്തയല്ല, പകരം പ്രതികാര ചിന്ത നിൽക്കുകയാണ്. ഇന്ന് കേരളം കാത്തിരിക്കുന്നത് ഒരു സമാധാന അന്തരീക്ഷം ഉണ്ടാക്കാനായി മുഖ്യമന്ത്രി ഇടപെട്ട് സമാധാന ചർച്ചകൾ നടത്തണമെന്നാണ്. ഇന്നലെ പ്രതിപക്ഷത്തുള്ള ഞങ്ങളെല്ലാപേരുംകൂടി അങ്ങയെ വന്നുകണ്ടത് ആ ഒരു ലക്ഷ്യത്തോടുകൂടിയാണ്. ഇന്നലെത്തന്നെ മുഖ്യമന്ത്രി പ്രതിപക്ഷ നേതാവിന്റെകൂടി സൗകര്യം ചോദിച്ച് ഒരു തീയതി നിശ്ചയിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. എങ്കിൽ ഇന്നത്തെ ഈ ചർച്ചപോലും ഒഴിവാക്കാമായിരുന്നു. അതുകൊണ്ട് മുഖ്യമന്ത്രി മുൻകൈയെടുത്ത് അവിടെ ഒരു സമാധാന ചർച്ച നടത്തി അവിടത്തെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും നീതിയും ന്യായവും ലഭിക്കും എന്ന ഒരു വിശ്വാസം ഉണ്ടാക്കിക്കൊടുത്തുകൊണ്ട് സമാധാന നടപടി എടുക്കുന്നതിന് ഇന്നെങ്കിലും ഒരു തീയതി നിശ്ചയിക്കണം.

കേരളം കാത്തിരിക്കുന്നത് അതാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ എല്ലാപേർക്കും നീതി കിട്ടത്തക്ക രീതിയിലുള്ള ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതുസംബന്ധിച്ച് ആർക്കും പരാതിയില്ല. ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉയർത്തിക്കൊണ്ടുവരാൻ നമ്മളെല്ലാപേരും കൂട്ടായി ശ്രമിക്കുകയാണ് വേണ്ടത്. ആ കാര്യത്തിൽ ഇന്ന് കാണുന്ന സ്പർദ്ധയും വിദ്വേഷവും പ്രതികാരവും അത്തരം മനഃസ്ഥിതിയുമൊക്കെ ഉപേക്ഷിച്ചുപോകാൻ കഴിയേണ്ടതുണ്ട്. അത്തരമൊരു അന്തരീക്ഷം സൃഷ്ടിക്കാൻ പൊതുവെ സംഘടനകളും പ്രസ്ഥാനങ്ങളും ഒറ്റയ്ക്കൊറ്റയ്ക്കും കൂട്ടായും ശ്രമിക്കുകയാണ് വേണ്ടത്. അതിന്റെ ഭാഗമായുള്ളൊരു അന്തരീക്ഷം സൃഷ്ടിക്കാൻ നമുക്ക് കൂട്ടായി ശ്രമിക്കാം. അവിടെ സമാധാന സംഭാഷണം നടത്തുന്നതിനെക്കുറിച്ചാണ് ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ഇവിടെ പ്രസ്താവിച്ചത്. അവിടത്തെ സമാധാന സംഭാഷണങ്ങളിൽ ഒരുപാടുതവണ പങ്കെടുത്ത ആളാണ് ഞാൻ. എത്രയോ കാലമായി സമാധാന സംഭാഷണങ്ങളിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നൊരാളാണ് ഞാൻ. സമാധാനം ഒരു ഘട്ടത്തിൽ ഉണ്ടാവുക എന്നുള്ളതല്ല പ്രധാനം. സമാധാനം

സ്ഥായിയായിട്ടുണ്ടാവുക എന്നതാണ് പ്രധാനം. സ്ഥായിയായ സമാധാനം ഉണ്ടാകുന്നതിനുള്ള ശ്രമമാണ് വേണ്ടത്. അതിന് ഇനി ആക്രമിക്കില്ല, കൊല്ലില്ല എന്ന നിലപാടെടുക്കണം. അതിന് അതുമായി ബന്ധപ്പെട്ടവർ ബോധപൂർവ്വം തീരുമാനിക്കേണ്ടതുണ്ട്. അത്തരമൊരു നിലപാട് വന്നാൽ മാത്രമേ സ്ഥായിയായ സമാധാനം ഉണ്ടാവുകയുള്ളൂ. ഇവിടെ ബഹുമാന്യനായ ഉമ്മൻ ചാണ്ടി പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചാണ്. അതിനൊരു ശങ്കയുമില്ല. അവിടെ സമാധാന സംഭാഷണം ഗവൺമെന്റ് ഇടപെട്ട് നടത്തേണ്ടതുണ്ടെങ്കിൽ അതിനൊരു പ്രയാസവുമില്ല. ഇവിടെ നേരത്തെ ബഹുമാന്യനായ കെ. സി. ജോസഫ് സംസാരിച്ചപ്പോൾ പറഞ്ഞു, മന്ത്രിമാരാരും അവിടെ സമാധാന സംഭാഷണം നടത്താൻ തയ്യാറായില്ലായെന്ന്. ഇപ്പോൾ ബഹുമാന്യനായ ഉമ്മൻ ചാണ്ടി പറഞ്ഞു, മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് അവിടെ സമാധാന സംഭാഷണം നടത്തണമെന്ന്. അദ്ദേഹം പറഞ്ഞത് പ്രതിപക്ഷ നേതാവിന്റെ കൂടി തീയതി വാങ്ങിയിട്ട് സമാധാന സംഭാഷണം നടത്തണമെന്നാണ്. അദ്ദേഹം ഉദ്ദേശിക്കുന്നത് സംസ്ഥാന തലത്തിലുള്ള പ്രധാന നേതാക്കളെല്ലാംകൂടി ഉൾക്കൊള്ളുന്നൊരു സംഭാഷണമായിരിക്കും. ആദ്യം വേണ്ടത് അവിടെയുള്ള

ആളുകൾ കൂടിയിരുന്നുള്ള ഒരു ചർച്ചയാണ്. ആ ചർച്ച ആദ്യം നടത്താം. രണ്ടാമത് ഇവിടെ പറഞ്ഞ രീതിയിലുള്ള ചർച്ചയും വേണമെങ്കിൽ നടത്താം. പ്രതിപക്ഷനേതാവിന്റെ കൂടി തീയതി വാങ്ങി നിയമസഭ കൂടുന്ന ഘട്ടത്തിൽ വേറൊരു സമയത്തായി അവിടെവച്ചാണെങ്കിൽ അവിടെവച്ച് അല്ലായെങ്കിൽ മറ്റൊരു സ്ഥലത്തുവച്ച് നടത്താം. അതിനൊന്നും ഈ സർക്കാരിന് യാതൊരു പ്രയാസവുമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി വളരെ വിശദമായി ചില കാര്യങ്ങൾ സൂചിപ്പിച്ചു. കണ്ണൂർ എന്ന പ്രദേശത്തിന്റെ ചരിത്ര പാരമ്പര്യങ്ങളും മഹത്വവും അവിടത്തെ ജനങ്ങളുടെ ദേശീയബോധവും ഇവിടെ ചോദ്യം ചെയ്യപ്പെടുന്നില്ല. പക്ഷേ കുറേ നാളുകളായി കണ്ണൂരിൽ നടക്കുന്നത് യുദ്ധസമാനമായ ഒരു സാഹചര്യമാണ്. ഇവിടെ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും ഒരു ഭാഗത്ത്, സി.പി.ഐ. (എം) മറുഭാഗത്ത്,

ഈ രണ്ടുകക്ഷികളും കൂടിചേർന്നുകൊണ്ട് അവിടെ പട്ടാപ്പകൽപോലും കൊലപാതകങ്ങൾ വ്യാപകമാക്കുന്നുവെന്നുള്ള പരാതികളാണ് നിലനിൽക്കുന്നത്. ജനങ്ങൾ നോക്കിനിൽക്കെയാണ് അവിടെ ഈ കൊലപാതകങ്ങൾ നടക്കുന്നത്. പണ്ടൊക്കെ രാത്രിയിലായിരുന്നുവെങ്കിൽ ഇപ്പോൾ പട്ടാപ്പകൽ തന്നെ തെരുവിൽ ആളുകൾ നോക്കിനിൽക്കെയാണ് ഇത്തരം അക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി സൂചിപ്പിച്ച പോലെ, ഈ മാസം 10-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30-ഓടെയാണ് സി.പി.ഐ.(എം)-ന്റെ ബ്രാഞ്ച് സെക്രട്ടറി മോഹനനെ ഒരു കള്ളുഷാപ്പിൽ വച്ച് ആർ.എസ്.എസ്.-കാർ ദേഹാമാസകലം വെട്ടി മുറിവേൽപ്പിച്ച് കൊലപ്പെടുത്തിയത്. അതിന്റെ പ്രതികാരം എന്നുള്ള നിലയിലാണ് 12-ാം തീയതി ബുധനാഴ്ച മുഖ്യമന്ത്രിയുടെ നാട്ടിൽ വച്ച് രാവിലെ 9.45-ന് 26 വയസ്സുള്ള യുവാവിനെ വെട്ടികൊന്നത്. കൊലപാതകത്തിൽ മരിച്ച രമിത്തിന്റെ അച്ഛനെയും 14 വർഷം മുമ്പ് ഇതുപോലെ കൊലപ്പെടുത്തിയിരുന്നു. ഇവിടെ നടക്കുന്നതെന്താണ്; ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും ഒരു ഭാഗത്ത് സി.പി.ഐ.(എം)-കാരെ കൊല്ലുന്നു. സി.പി.ഐ.(എം)-കാർ തിരിച്ച് ആർ.എസ്.എസ്.-കാരെ കൊല്ലുന്നു. ഇതിന്റെ ഫലമായി സമാധാനജീവിതം അസാദ്ധ്യമാകത്തക്ക സാഹചര്യമാണ് കണ്ണൂരിൽ നിലനിൽക്കുന്നത്.

കൊലപാതകങ്ങളെപ്പറ്റി മാത്രമാണ് നമ്മൾ പറയുന്നത്. എന്നാൽ അവിടെ വ്യാപകമായ അക്രമങ്ങൾ നടക്കുന്നു, വീടുകൾ ആക്രമിക്കപ്പെടുന്നു. ഇവിടെ ശക്തമായ പോലീസ് സാന്നിദ്ധ്യമില്ലാത്തതുകൊണ്ട് വ്യാപകമായ തോതിലാണ് സംഘർഷങ്ങൾ വർദ്ധിച്ചുവരുന്നത്. ഈ കൊലപാതകങ്ങളും ഭീകരപ്രവർത്തകർ നടത്തുന്ന കൊലയും തമ്മിലെന്താണ് വ്യത്യാസം? ഭീകരപ്രവർത്തകർ കഴുത്തറുത്തുകൊല്ലുന്നുവെങ്കിൽ ഇവിടെ കൊലപാതകത്തിലേർപ്പെടുന്നയാളുകൾ ആളുകളെ വെട്ടിക്കൊല്ലുന്നുവെന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. കേന്ദ്രം ഭരിക്കുന്ന പാർട്ടിക്കും കേരളം ഭരിക്കുന്ന പാർട്ടിക്കും ഇതിൽ ഉത്തരവാദിത്തമില്ലേ? അതുകൊണ്ടാണ് ബി.ജെ.പി.-യുടെ ദേശീയ പ്രസിഡന്റ് ശ്രീ. അമിത് ഷായ്ക്കും സി.പി.ഐ.(എം)-ന്റെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരിക്കും ഞാൻ കത്തയച്ചത്. ഇവർക്ക് രണ്ടുപേർക്കും ഉത്തരവാദിത്തമില്ലേ; രാജ്യത്തോട് ഉത്തരവാദിത്തമുള്ളവരല്ലേ ഈ രണ്ടു രാഷ്ട്രീയ പാർട്ടികളും. ഇവർ രണ്ടുപേരും തങ്ങളുടെ അണികളെ നിലയ്ക്കുനിർത്താൻവേണ്ടി മുന്നോട്ടുവരണ്ടേ? കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ കൊലപാതക കണക്കുകൾ അദ്ദേഹം ഇവിടെ വായിച്ചു. അദ്ദേഹം വായിച്ചത് കൊലപാതകങ്ങളുടെ കണക്കുകളാണ്, ഗുണ്ടകളും മാഫിയകളും തമ്മിലുണ്ടാകുന്ന കൊലപാതകങ്ങൾ. ആളുകളെ

വെട്ടിക്കൊല്ലുന്നത് സമൂഹത്തിൽ നടക്കുന്ന ചില അബരേഷൻസ് ആണ്. ഞങ്ങൾ ഉന്നയിക്കുന്നത് കണ്ണൂരിലെ കൊലപാതകങ്ങളാണ്, അത് രാഷ്ട്രീയ കൊലപാതകങ്ങളാണ്. മധുവിന്റെ ഉൾപ്പെടെയുള്ള തൃശ്ശൂരിലെ ചിലയാളുകളുടെ പേരുകളൊക്കെ പറഞ്ഞു. പൂഞ്ഞാറിലെ സി.പി.ഐ.(എം) ബ്രാഞ്ച് സെക്രട്ടറി കെ. എം. നസീറിനെക്കൂടി അങ്ങ് ഓർക്കേണ്ടതായിരുന്നുവെന്നാണ് എനിക്ക് പറയുവാനുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കണ്ണൂരിൽ കൊലപാതകമുണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ആഭ്യന്തര മന്ത്രിയായിരുന്ന ഞാനും ഇടപെട്ട് അവിടെ സമാധാനയോഗങ്ങൾ വിളിച്ചിട്ടുണ്ട്. ആ സമാധാന യോഗത്തിനുശേഷം ജില്ലാ കളക്ടറോട് സി.പി.ഐ. (എം)-ന്റെ പ്രതിനിധികളെയും ബി.ജെ.പി.-യുടെ പ്രതിനിധികളെയും ഒറ്റയ്ക്ക് വിളിച്ച് സംസാരിക്കണമെന്ന് പറഞ്ഞ് ശാശ്വതമായ സമാധാനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇരുപാർട്ടികളും അവിടെ സഹകരിക്കാൻ തയ്യാറായിട്ടുണ്ട്. കണ്ണൂരിൽ നടക്കുന്ന അക്രമസംഭവങ്ങളിൽ മനസ്സുമാറ്റമുണ്ടായശേഷം സംസാരിക്കാമെന്നുള്ള മുഖ്യമന്ത്രിയുടെ നിലപാട് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല. ഇവിടെ ഇടതുമുന്നണി ഗവൺമെന്റ് അധികാരമേറ്റെടുത്ത ദിവസം തന്നെയാണ് ഒരു സി.പി.ഐ.(എം) പ്രവർത്തകനെ ആർ.എസ്.എസ്.-കാർ ബോംബെറിഞ്ഞു

കൊന്നത്. മിക്ക ദിവസങ്ങളിലും സി.പി.ഐ.(എം) പ്രവർത്തകരും ബി.ജെ.പി. പ്രവർത്തകരും പരസ്പരം വീടുകൾ ആക്രമിക്കുന്നു, ബോംബുകൾ എറിയുന്നു. ബോംബ് നിർമ്മാണം, കണ്ണൂരിലെ ഒരു കുടിൽ വ്യവസായമായി മാറുകയാണ്. രാത്രി കാലങ്ങളിലും പകൽ സമയങ്ങളിലും ബോംബ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നില്ലെന്ന പരാതിയുണ്ട്. പോലീസ് നിഷ്ക്രിയമാണെന്നുള്ള പരാതിയുണ്ട്. ഇവിടെ ഡി.ഐ.ജി.-യുടെ വാക്കുകളെ അദ്ദേഹം വളച്ചൊടിച്ചാണ് പറഞ്ഞത്. ഞങ്ങൾ നിസ്സഹായരാണ്, ഞങ്ങൾക്കൊന്നും ചെയ്യാൻ കഴിയില്ലെന്നാണ് ജനങ്ങൾക്ക് സംരക്ഷണം നൽകേണ്ട പോലീസിന്റെ കണ്ണൂർ റെയ്ഞ്ച് ഡി.ഐ.ജി. കശ്യപ് പറഞ്ഞത്. എന്നു പറഞ്ഞാൽ പോലീസിന്റെ നിഷ്ക്രിയത്വത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. കണ്ണൂരിൽ നടക്കുന്ന ഈ ബോംബ് നിർമ്മാണങ്ങളെ നിയന്ത്രിക്കാൻ കഴിയുന്നില്ല. റെയ്ഡുകൾ നടക്കുന്നില്ല. ആർ.എസ്.എസ്.-കാർ ഒരു ഭാഗത്ത് ബോംബുണ്ടാക്കുന്നു. സി.പി.ഐ.(എം)-കാർ വേറൊരിടത്ത് ബോംബുണ്ടാക്കുന്നു. രണ്ടുകൂട്ടരും ബോംബ് നിർമ്മാണത്തിനിടയിൽ ഇരുകൂട്ടരുടെയും പ്രവർത്തകർ മരിച്ച എത്രയോ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. സംസ്ഥാനത്തെ ക്രമസമാധാനനിലയുടെ നേർചിത്രമാണ് നമുക്ക് കണ്ണൂരിൽ കാണാൻ കഴിയുന്നത്. ഞങ്ങളെക്കൊണ്ടൊന്നും നിയന്ത്രിക്കാൻ കഴിയുന്നില്ല എന്ന്

പറയുന്ന ഒരു പോലീസിന്റെ നിസ്സഹായ അവസ്ഥ മുഖ്യമന്ത്രി മനസ്സിലാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഗവർണർ ഈ സംസ്ഥാനത്തിന്റെ തലവനാണ്. കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ് ഗവർണർ, ആഭ്യന്തര സെക്രട്ടറിയെയും ഡി.ജി.പി.-യെയും വിളിച്ചുവരുത്തിയതെന്നുള്ള കാര്യം നമ്മൾ ഓർക്കേണ്ട കാര്യമാണ്. സംസ്ഥാനത്ത് വഷളാകുന്ന ക്രമസമാധാനനിലയെ സംബന്ധിച്ചുള്ള ഉത്കണ്ഠയാണ് കേരള ഗവർണർ ചീഫ് ജസ്റ്റിസ് കൂടിയായിരുന്ന ശ്രീ. പി. സദാശിവം ഇവരെ രണ്ടുപേരെയും വിളിച്ച് സംസാരിച്ചത്. ചായ കുടിക്കാനോ വെറുതെ ഇൻഫർമേഷന് വേണ്ടിയോ വിളിച്ചതല്ല. ഗവർണറുടെ ഉത്കണ്ഠ വളരെ ഗൗരവമായി ഈ സർക്കാർ കാണേണ്ടതാണെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇനി ഗവർണറെയും നിങ്ങൾ ഗൗരവത്തിൽ എടുക്കേണ്ട. തൊട്ടപ്പുറത്തിരിക്കുന്ന ശ്രീ. ഇ. ചന്ദ്രശേഖരന്റെ പാർട്ടി ഇന്നലെ പാസ്സാക്കിയ ഒരു പ്രമേയമുണ്ട്, ജനയുഗത്തിൽ. അവർ പറയുന്നതെന്താണ്, സമാധാനം ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുക്കണം. എൽ.ഡി.എഫ്.-ലെ രണ്ടാമത്തെ പാർട്ടിയായ സി.പി.ഐ. യുടെ സംസ്ഥാന സെക്രട്ടേറിയറ്റ് പാസ്സാക്കിയ പ്രമേയം പോലും നിങ്ങൾ ഗൗരവത്തിലെടുക്കുന്നില്ലെന്നുള്ളതാണ് മുഖ്യമന്ത്രിയുടെ സംസാരം കേട്ടപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. സി.പി.ഐ.(എം) ഭരിക്കുമ്പോൾ

മാത്രമാണോ കണ്ണൂരിൽ പ്രശ്നമുണ്ടാകുന്നതെന്ന് അദ്ദേഹമിവിടെ ചോദിച്ചു. സി.പി.ഐ.(എം) ഭരിക്കുമ്പോൾ തന്നെയാണ് കണ്ണൂരിൽ അസമാധാനമുണ്ടാകുന്നത്. കാരണം യഥാർത്ഥ പ്രതികളെ പിടിക്കുന്നില്ല. പാർട്ടി ഓഫീസിൽ നിന്നും കൊടുക്കുന്ന പ്രതികളെ മാത്രമാണ് പിടിക്കുന്നത്. യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടുന്നു. നാദാപുരത്ത് അസ്‌ലമിനെ കൊലചെയ്തു, എന്തുകൊണ്ട് ഇതുവരെ യഥാർത്ഥ പ്രതികളെ പിടിച്ചില്ല. വേളത്ത് ഒരു മുസ്ലീം ലീഗ് പ്രവർത്തകനെ കൊലപ്പെടുത്തി, എന്തുകൊണ്ട് യഥാർത്ഥ പ്രതികളെ പിടിക്കുന്നില്ല. താനൂരിൽ വീടുകൾ കൊള്ളയടിച്ച യഥാർത്ഥ പ്രതികൾക്കെതിരെ എന്തുകൊണ്ട് എഫ്.ഐ.ആർ. ഇടാൻ തയ്യാറാകുന്നില്ല. മുസ്ലീം ലീഗിന്റെ 25-ഓളം പ്രവർത്തകരുടെ വീടുകൾ ആക്രമിച്ചു, എന്തുകൊണ്ട് പ്രതികളെ പിടിക്കുന്നില്ല. സംസ്ഥാനത്ത് സി.പി.ഐ.(എം) പ്രാദേശിക നേതാക്കന്മാർ കൊടുക്കുന്ന പ്രതികളെ മാത്രമേ പിടിക്കുന്നുള്ളൂ എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. 1987-ൽ ഇതുപോലെ തുടർച്ചയായി അക്രമമുണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാർ നേരിട്ട് മുൻകയ്യെടുത്ത് സമാധാന യോഗം വിളിച്ചുകൂട്ടുകയുണ്ടായി. ഇന്നലെ ഞങ്ങൾ മുഖ്യമന്ത്രിയെ കണ്ടിരുന്നു. ഇന്നദ്ദേഹം പറഞ്ഞതിനെ ഞാൻ മുഖവിലയ്ക്കെടുക്കുന്നു. അടിയന്തിരമായി മുഖ്യമന്ത്രി യോഗം വിളിച്ചുകൂട്ടണം.

അവിടെ മന്ത്രിമാരെ നിയോഗിച്ച് യോഗം വിളിച്ച് സമാധാന അന്തരീക്ഷമുണ്ടാകണം. 1970-നുശേഷം കണ്ണൂരിൽ 240 പേർ കൊല ചെയ്യപ്പെട്ടുവെന്നാണ് കണക്ക്. കൈയും കാലും വെട്ടിമാറ്റപ്പെട്ടവർ നൂറുകണക്കിനാണ്. ഇതിൽ എത്ര നേതാക്കന്മാരുണ്ട്, ഒന്നോ രണ്ടോ ഉണ്ടാകും. ഒരു പാർട്ടിയിൽ നിന്ന് വേറൊരു പാർട്ടിയിലേയ്ക്ക് മാറിവരുന്ന കാര്യത്തെപ്പറ്റി അദ്ദേഹം പറഞ്ഞു. ദേവസ്വം ബോർഡിൽ സ്ഥാനം നൽകി ബി.ജെ.പി.-യുടെ ജില്ലാ സെക്രട്ടറിയായിരുന്ന ഒ.കെ. വാസുവിനെ തിരികെ കൊണ്ടുവന്ന കാര്യം ഓർത്തിട്ടായിരിക്കും മുഖ്യമന്ത്രി അത് പറഞ്ഞത്. നടൻ ശ്രീനിവാസൻ പറയുന്നത് ശരിയാണ്, നേതാക്കൾ ഒരു വാക്ക് പറഞ്ഞാൽ ഈ കൊലപാതകങ്ങൾ നിൽക്കും. എന്തുകൊണ്ട് ബി.ജെ.പി.യുടെ നേതാക്കന്മാർ ഈ കൊലപാതകങ്ങളെ അപലപിക്കുന്നില്ല. എന്തുകൊണ്ട് ആർ.എസ്.എസ്സുകാർ ഈ അക്രമങ്ങളെ നിലയ്ക്ക് നിർത്തുന്നില്ല. എന്തുകൊണ്ട് സി.പി.എം-ന്റെ നേതാക്കന്മാർ ഇതിന് മുൻകൈ എടുക്കുന്നില്ല. വയലിൽ പണിയെടുത്താൽ വരമ്പത്ത് കൂലിയെന്ന് പറഞ്ഞ മുൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നിലപാടാണ് ഇന്ന് കണ്ണൂരിൽ അക്രമങ്ങൾ വ്യാപിക്കുന്നതിന്റെ പ്രധാന കാരണം. ഒരു ഭാഗത്ത് ആർ.എസ്.എസ്സും ബി.ജെ.പി.യും മറുഭാഗത്ത് സി.പി.എം-ഉം. ഇവർ രണ്ടുപേരും

കൂടി ചേർന്ന് നമ്മുടെ സംസ്ഥാനത്ത് അക്രമങ്ങളും കൊലപാതകങ്ങളും വർദ്ധിപ്പിക്കാൻ ശ്രമിക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ചില കണക്കുകൾ വായിച്ചു. ഞാൻ ചില കണക്കുകൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം. എൽ.ഡി.എഫ്. ഭരണകാലത്ത് 25-05-2016 മുതൽ 25-09-2016 വരെ 80,297 കുറ്റകൃത്യങ്ങൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് ആദ്യത്തെ നാല് മാസങ്ങളിൽ 57,259 ആയിരുന്നു കുറ്റകൃത്യങ്ങൾ. ഈ രണ്ട് ഗവൺമെന്റുകളുടെയും ആദ്യത്തെ നാല് മാസത്തെ കണക്കാണ് ഞാൻ പറഞ്ഞത്. കേരളത്തിൽ കുറ്റകൃത്യങ്ങൾ വളരെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പോലീസ് നോക്കുകുത്തികളായി മാറുന്നു. സംസ്ഥാനത്ത് മുഖ്യമന്ത്രിക്ക് ശരിയായ നിലയിൽ പോലീസിനെ നിയന്ത്രിക്കാൻ കഴിയുന്നില്ല. ക്രൈംബ്രാഞ്ചിന് എ.ഡി.ജി.പി. ഉണ്ടോ; തലവനുണ്ടോ? പ്രമാദമായ കുറ്റകൃത്യങ്ങൾ അന്വേഷിക്കേണ്ട ക്രൈംബ്രാഞ്ചിന് ഐ.ജി.-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇവിടെ വിജിലൻസ് ഡയറക്ടറും ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ ഡി.ജി.പി.യും തമ്മിൽ ശീതസമരമാണ്. ഒരാൾ ഒരാൾക്ക് എതിരായി അഫിഡവിറ്റ് കൊടുക്കുന്നു. പോലീസിന്റെ തലപ്പത്ത് വ്യാപകമായ തോതിലുള്ള അന്ത:ഛിദ്രങ്ങളും പടലപ്പിണക്കങ്ങളും പരസ്പരമുള്ള വിഴുപ്പലക്കലും തുടർന്നുകൊണ്ടിരിക്കുന്നു.

മുഖ്യമന്ത്രിക്ക് അവരെ നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥ വന്നു ചേർന്നിരിക്കുന്നു. ഇവിടെ തത്തയെ പറ്റി പറഞ്ഞല്ലോ; ഇന്ന് തത്തയുടെ ഗതി എന്താണ്? തത്ത ഇപ്പോൾ രാജിവച്ചുവെന്ന് പറയുന്നു. തത്തയുടെ രാജിക്ക് കാരണം എന്താണ്; ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല, ദുരൂഹമാണ്. മുഖ്യമന്ത്രിയുടെ സമ്മർദ്ദം മൂലമാണോ തത്ത രാജിവച്ചത്. ഏത് കൊടുങ്കാറ്റിലും പിടിച്ചുനിൽക്കുമെന്ന് പറഞ്ഞ തത്ത ഇപ്പോൾ കൊടുങ്കാറ്റ് പോയിട്ട് മന്ദമാരുതൻ അടിച്ചപ്പോൾ തന്നെ വേണ്ടെന്ന് വച്ച് പോകാൻ തീരുമാനിച്ചിരിക്കുകയാണ്. ശ്രീ. ജേക്കബ് തോമസ് നല്ല ഉദ്യോഗസ്ഥനാകാം. പക്ഷെ അദ്ദേഹം പോലീസിൽ ആറ് മാസത്തിൽ കൂടുതൽ ഒരു പോസ്റ്റിലും ഇരുന്നിട്ടില്ല എന്നുള്ളത് ഓർക്കേണ്ട കാര്യമാണ്. ഈ നിലയിലാണ് പോലീസിന്റെ നിയന്ത്രണമെങ്കിൽ കേരളം ഏറ്റവും കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് നടന്നുനീങ്ങുമെന്നുള്ള കാര്യത്തിൽ തർക്കം വേണ്ട. ഇവിടെ രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് പറഞ്ഞു. രാഷ്ട്രീയ സംഘട്ടനങ്ങൾ ഇരട്ടിയായതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. യു.ഡി.എഫ്.ന്റെ ആദ്യത്തെ നാല് മാസങ്ങളിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ 294 ആയിരുന്നു. ഇപ്പോൾ നാല് മാസങ്ങൾക്കുള്ളിൽ അത് 409 ആയി വർദ്ധിച്ചിരിക്കുന്നു. ഗുണ്ടകളും സാമൂഹ്യവിരുദ്ധന്മാരും അഴിഞ്ഞാടുന്നു. യാതൊരു നിയന്ത്രണവുമില്ല.

പത്തനംതിട്ടയിൽ പോലീസ് സ്റ്റേഷനിൽ ഡി.വൈ.എഫ്.ഐ.ക്കാർ പ്രതികളെ മോചിപ്പിക്കുന്നു. സംസ്ഥാനത്ത് സ്ത്രീപീഡനവും മാനഭംഗവും ബലാൽസംഗ കേസുകളും വല്ലാതെ വർദ്ധിക്കുന്നു. അകെ 527 ബലാൽസംഗ കേസുകളിൽ 313 എണ്ണവും പ്രായപൂർത്തിയായ പെൺകുട്ടികളാണ്. സംസ്ഥാനത്തെ ക്രമസമാധാനനില അതീവ ഗുരുതരമായി മാറിക്കൊണ്ടിരിക്കുകയാണ്. കൊലപാതകങ്ങളെ നിയന്ത്രിക്കാൻ മുഖ്യമന്ത്രിക്ക് കഴിയുന്നില്ല. മുഖ്യമന്ത്രി വളരെയേറെ മാറിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് സന്തോഷമുണ്ട്. അദ്ദേഹത്തിന്റെ സാരോപദേശം വളരെ നന്നായിരിക്കുന്നു. ആ സാരോപദേശം ചെയ്യേണ്ടത് കണ്ണൂരിലെ തന്റെ പാർട്ടി പ്രവർത്തകരോടാണെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഇവിടെ നടന്ന ചർച്ചയെ അടിസ്ഥാനപ്പെടുത്തി മുൻ മുഖ്യമന്ത്രി ഈ സഭയാകെ ശ്രദ്ധിക്കപ്പെടുന്ന തരത്തിലുള്ള നല്ല ഒരു നിലപാട് സ്വീകരിച്ചു. അതിനെ ശിഥിലീകരിക്കുകയാണോ അങ്ങയുടെ ലക്ഷ്യം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഒരിക്കലുമില്ല. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മുന്നോട്ടുവച്ച ആശയത്തെ, പൊളിറ്റിക്കൽ പ്രോസസ്സിനെ

ബഹുമാന്യനായ മുഖ്യമന്ത്രി അംഗീകരിച്ചതിൽ എനിക്ക് വലിയ സന്തോഷമുണ്ട് ശ്രീ. ഇ. പി. ജയരാജൻ. പക്ഷെ, നമ്മൾ ഒരു കാര്യം ആലോചിക്കണം ഈ സാരോപദേശങ്ങൾ നൽകേണ്ടത് അങ്ങ് ഉൾപ്പെടെയുള്ള കണ്ണൂരിലെ നേതാക്കന്മാരോടാണെന്നാണ് മുഖ്യമന്ത്രിയോട് പറയാനുള്ളത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങയുടെ കണ്ണൂർ ഡി.സി.സി. ഓഫീസിൽ മൂന്ന് തരം ബോംബ് നിർമ്മിക്കുന്നുണ്ടെന്നുള്ള പടങ്ങൾ ഇന്ത്യാ ടുഡേ പത്രം പ്രസിദ്ധീകരിച്ചു. ബോംബ് എറിഞ്ഞു കൊലപാതകം നടത്തി. നിങ്ങൾ ഇക്കാര്യങ്ങളൊന്നും മറന്നുപോകരുത്. എന്നെ കൊലപ്പെടുത്താൻ വാടക കൊലയാളികളെ അയച്ചു. ഇതൊന്നും മറന്നുപോകരുത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കണ്ണൂർ ഡി.സി.സി. ഓഫീസിൽ ബോംബ് നിർമ്മാണം ഉണ്ടെങ്കിൽ പോലീസിനെ അയയ്ക്കട്ടേ; പോലീസിനെ അയച്ച് പരിശോധിക്കട്ടേ; അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. എനിക്ക് ഒരു അഭിപ്രായ വ്യത്യാസവുമില്ല. കണ്ണൂർ ഡി.സി.സി. ഓഫീസിൽ ബോംബ് നിർമ്മാണമുണ്ടെന്ന് ഉത്തരവാദിത്വത്തോടുകൂടി മുൻ വ്യവസായ വകുപ്പുമന്ത്രി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കട്ടേ; അതുപോലെ സി.പി.എം.ന്റെ ജില്ലാ കമ്മിറ്റി ഓഫീസും കൂടി അന്വേഷിക്കണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: ബോംബ് നിർമ്മിക്കുന്നതിന്റെ പടം ഇന്ത്യാ ടുഡേ പത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഈ ജനയുഗം പത്രം കാണാനുള്ള മര്യാദ അങ്ങ് കാണിച്ചാൽ മതി. (പത്രം ഉയർത്തിക്കാണിച്ചു) ഇന്ത്യാ ടുഡേ പോട്ടെ. ഇന്നത്തെ ജനയുഗം പത്രം വായിച്ചാൽ അങ്ങേയ്ക്ക് അതിനുള്ള മറുപടി കിട്ടും. സംസ്ഥാനത്ത് കണ്ണൂരിൽ സമാധാന അന്തരീക്ഷം ഉണ്ടാക്കണമെന്ന കാര്യത്തിൽ മുഖ്യമന്ത്രിയുടെ പ്രസംഗത്തിന്റെ അവസാന ഭാഗത്തോട് ഞാൻ യോജിക്കുകയാണ്. അവിടെ സമാധാനമുണ്ടാകണം, ശാന്തിയുണ്ടാകണം, ജനങ്ങൾക്ക് സമാധാനപരമായി ജീവിക്കാനുള്ള അവസ്ഥയുണ്ടാകണം, അവിടെ ബോംബുകൾ പൊട്ടാൻ പാടില്ല, ആളുകൾ പരസ്പരം കൊല്ലാൻ പാടില്ല. ഇക്കാര്യത്തിൽ ആർ.എസ്.എസ്സും ബി.ജെ.പി.യും സി.പി.എം-ഉം ഒരുപോലെ പ്രായോഗികമായ സമീപനത്തിലേയ്ക്ക് വരണം. ആൾ പാർട്ടി മീറ്റിംഗ് വിളിച്ചാൽ എന്റെ സൗകര്യം നോക്കണ്ട, അങ്ങയുടെ സൗകര്യം നോക്കി മീറ്റിംഗിൽ പങ്കെടുക്കാൻ പ്രതിപക്ഷം തയ്യാറാണെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ മറുപടി, ഞാൻ പറഞ്ഞല്ലോ സാരോപദേശമാണ്. അത് ആത്മാർത്ഥതയോടു കൂടിയാണെങ്കിൽ ഒരു സംശയവുമില്ല ഞങ്ങൾ അതിനെ

സ്വാഗതം ചെയ്യും. പക്ഷെ സർക്കാരിന്റെ പിടിപ്പുകേടും, സർക്കാർ ഇക്കാര്യത്തിൽ എടുക്കുന്ന അവധാനതയില്ലായ്മയിലും പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഇവിടെ പറഞ്ഞത് ഞങ്ങൾ ആലോചിച്ച് എടുത്ത നിലപാടാണ്. ഒരു പൊളിറ്റിക്കൽ പ്രോസസ്സ് വേണമെന്നുള്ളത് ഇന്നലെ മുഖ്യമന്ത്രിയെ കണ്ട് ഞങ്ങൾ നിവേദനം കൊടുത്തതാണ്. അടിയന്തരപ്രമേയത്തിൽ സംസാരിക്കുമ്പോൾ പ്രതിപക്ഷനേതാവ് അൽപ്പം പൊളിറ്റിക്കലായിട്ടുള്ള ഇഷ്യൂസ് പറഞ്ഞുവെന്നുള്ളതുകൊണ്ട് ..... ഞങ്ങൾ പൊളിക്കൽ പാർട്ടീസെല്ലാം ചേർന്നെടുത്ത നിലപാട് ഇന്നലെ അദ്ദേഹത്തെ കണ്ട് പറഞ്ഞതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, നിങ്ങളുടെ അടിയന്തരപ്രമേയത്തിന്റെ ഉള്ളടക്കം സമാധാന അന്തരീക്ഷം സ്ഥാപിക്കാൻ ഒരു യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി

വിളിച്ചുചേർക്കണമെന്നുള്ളതാണ്. അതാണ് ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി പറഞ്ഞത്. അത് ജില്ലാ/സ്റ്റേറ്റ് തലത്തിലും വിളിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞാൽ വാക്കൗട്ടിന്റെ അർത്ഥം എന്താണ്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അതിനോട് വിയോജിപ്പില്ല. പിന്നെ മുഖ്യമന്ത്രി പ്രധാനമായും പറഞ്ഞത്, എല്ലാ പൊളിറ്റിക്കൽ പാർട്ടികളും ഇതിനെപ്പറ്റി ഗൗരവത്തോടുകൂടി ചിന്തിക്കുകയും ആ പൊളിറ്റിക്കൽ പാർട്ടികളൊക്കെ ഈ അക്രമത്തെ ന്യായീകരിക്കുന്ന നിലപാട് ഒഴിവാക്കാൻ എല്ലാവരും ആത്മാർത്ഥമായി ആഗ്രഹിക്കണമെന്നാണ്. അത് സി.പി.എം-നും വേണം ലീഗിനും വേണം. ഞാൻ ലീഗിനെ പ്രതിനിധീകരിച്ച് സംസാരിക്കുമ്പോൾ നിങ്ങളിതുമുമ്പ് ചെയ്തോ; സി.പി.എം-നെ ഉപദേശിക്കാനെന്ന് പറഞ്ഞ് ഒരുപക്ഷേ അപ്പുറത്തുനിന്ന് ചോദ്യം വരും. ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. നാദാപുരത്ത് ആദ്യത്തെ കൊലപാതകം ഉണ്ടായപ്പോൾ വടകര ടി.ബി.യിൽ വച്ച് ആൾ പാർട്ടി മീറ്റിംഗ് കൂടി. പ്രാദേശിക നേതാക്കന്മാരും കോഴിക്കോടുള്ള സി.പി.എം-ന്റെ നേതാക്കന്മാരെല്ലാം ഉണ്ടായിരുന്നു. ഈ കൊലപാതകം നടത്തിയ അക്രമികളെ നമ്മൾ own ചെയ്യാൻ പാടില്ലായെന്ന നിർദ്ദേശം വന്നു. ഞാൻ അഭിമാനത്തോടുകൂടി പറയട്ടേ ഞങ്ങൾ അതിനെ അനുകൂലിച്ചു. അവർക്ക് ഒരു പ്രൊട്ടക്ഷനും കൊടുക്കണ്ടായെന്ന് പറഞ്ഞ്

രണ്ടാം ദിവസം അവരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. കേസ് വിട്ടുപോയത് നിങ്ങൾ അന്വേഷിക്കണം. അവിടെയുള്ള പോലീസിന്, അത് നിങ്ങളുടെ കാലത്തായാലും ഞങ്ങളുടെ കാലത്തായാലും കുറച്ച് തകരാറുണ്ട്. പോലീസിന് ക്രിമിനൽസുമായി ബന്ധമുള്ളതാണ്. അടിത്തട്ടിലൊക്കെ ഒരുപാട് പ്രശ്നങ്ങളുണ്ട്. എസ്.ഡി.പി.ഐ.-ക്കാരൻ ലീഗുകാരനെ കൊന്നു. അവിടെയും ആ പ്രശ്നമുണ്ട്. മുഴുവൻ പ്രതികളും അറസ്റ്റിലായോ; ആരുടെയെങ്കിലും പൊളിറ്റിക്കൽ ഇന്ററസ്റ്റല്ല. ഈ ഗവൺമെന്റിന്റെ കാലത്താണ് നടന്നത്. ഞാനിപ്പോൾ ശ്രീ. പാറക്കൽ അബ്ദുള്ളയെ വിളിച്ച് ഓർമ്മ പുതുക്കുകയായിരുന്നു. അക്രമത്തേയും ക്രിമിനൽ ആക്ടിവിറ്റിയേയും ഇല്ലാതാക്കാൻ എല്ലാ പാർട്ടികളും തീരുമാനിക്കണം. മുമ്പ് പൊളിറ്റിക്കൽ പ്രോസസ് വന്നപ്പോൾ നാദാപുരത്ത് 12 കൊല്ലത്തോളം അവിടത്തെ സമാധാന അന്തരീക്ഷം നീണ്ടുനിന്നു. ജാഥ നടത്തി. അവിടെ കൾച്ചറുണ്ടാക്കാൻ നോക്കി. മുഖ്യമന്ത്രി പറഞ്ഞത് മുഖവിലയ്ക്ക് എടുത്ത് പൊളിറ്റിക്കൽ പാർട്ടികളൊക്കെ ഈ പ്രോസസ്സലേയ്ക്ക് പോകുന്നത് നല്ലതാണ്. ഡെവലപ്മെന്റ് പോലെയുള്ള കാര്യങ്ങളിലൊക്കെ ശ്രദ്ധ കൊണ്ടുവരണമെന്നുണ്ടെങ്കിൽ ആദ്യം മുൻകൈ എടുക്കേണ്ടത് സി.പി.എം.ന്റെ ഭാഗത്തുനിന്നാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. സി.പി.എം.

പ്രൊട്ടക്ഷൻ കൊടുക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. കേസുകൾ വരുമ്പോൾ താഴെത്തട്ടിലുള്ളവർക്കും അക്രമികൾക്കും അതുപോലെയുള്ളവർക്കും പ്രൊട്ടക്ഷൻ കൊടുക്കുന്നു. അതിനുള്ള ലാഭം നിങ്ങൾക്ക് കിട്ടുന്നുണ്ടോ? ലാഭം കിട്ടുന്നില്ലെന്നാണ് ഞാൻ പറയുന്നത്. ശ്രദ്ധ മുഴുവൻ ബി.ജെ.പി.ക്കും ആർ.എസ്.എസ്.-നുമാണ് ലഭിക്കുന്നത്. ആർ.എസ്.എസ്.-സി.പി.എം സംഘട്ടനം എന്നുപറയുമ്പോൾ ഇല്ലാത്ത പ്രാധാന്യം ബി.ജെ.പി.ക്കും ആർ.എസ്.എസ്.-നും നിങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയാണ് എന്നാണ് എന്റെ അഭിപ്രായം. അവർ അത്ര വലിയ ശക്തിയൊന്നുമല്ല. അവർ എന്തോ വലിയ ഫോഴ്സ് പോലെയാണ്. അക്രമവാസന കാണിക്കുന്നവരേയും കുറ്റകൃത്യം ചെയ്യുന്നവരെയും ഒരു പ്രോസസ്സിലൂടെ നിങ്ങൾ കൊണ്ടുവന്നാൽ മാത്രമെ മുഖ്യമന്ത്രി പറഞ്ഞിടത്ത് എത്തുകയുള്ളൂ. അക്രമികൾക്കും കൊലപാതകികൾക്കും നിങ്ങൾ പ്രൊട്ടക്ഷൻ കൊടുക്കുന്നുണ്ടെന്നുള്ള ഒരു വിശ്വാസം എല്ലാവർക്കുമുണ്ട്. അതില്ലാതാക്കാൻ നിങ്ങൾ ശ്രമിക്കണം. അപ്പോൾ ലീഗ് ചെയ്തോ എന്ന് ചോദിക്കും. ഞങ്ങൾ ചെയ്യാൻ തയ്യാറാണ്. ഞങ്ങളുടെ കൂട്ടത്തിലുള്ള ധാരാളം അക്രമികൾ മറ്റ് പാർട്ടികളിൽപ്പോയി ചേക്കേറുകയാണ്. ഞങ്ങൾ വളരെ കർക്കശമായ രീതിയിലുള്ള നിലപാട്

എടുക്കുകയാണ്. എന്നുപറഞ്ഞാൽ എല്ലായിടത്തും അങ്ങനെയാണെന്നൊന്നും ഞാൻ പറയുന്നില്ല. എന്നാലും പ്രശ്നങ്ങളുണ്ടാകും. നാദാപുരം മേഖലയിൽ ഞങ്ങൾ അങ്ങനെയൊരു നിലപാട് എടുത്ത് പോകുകയാണ്. കണ്ണൂരിൽ ഇന്നലെ ഞങ്ങൾ വന്ന് നിവേദനം നടത്തിയത് അതാണ്. അതുകൊണ്ടാണ് അവിടെയൊരു പൊളിറ്റിക്കൽ പ്രോസസ് ആവശ്യമാണെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത്. അത് ജില്ലാതലത്തിലേയ്ക്ക് പോകുന്നതിൽ കുഴപ്പമില്ല. ജില്ലയിലൊക്കെ നല്ല സമുന്നതരായ നേതാക്കന്മാരുണ്ടല്ലോ. ആൾ പാർട്ടിയായി പോയാൽ മതി. ബി.ജെ.പി.യും സി.പി.എം.-ഉം തമ്മിലൊരു ചർച്ച നടത്തുന്നതിനോട് എനിക്ക് വലിയ യോജിപ്പില്ല. അവിടെ സമാധാന അന്തരീക്ഷം നിലനിൽക്കണമെന്നുള്ളത് എല്ലവരുടേയും ആവശ്യമാണ്. കണ്ണൂരിൽ ഈ ഒരു അന്തരീക്ഷം നിലനിൽക്കുന്നത് ആർ.എസ്.എസ്.-നേയും ബി.ജെ.പി. -യേയും സി.പി.എം.-നേയും മാത്രം ബാധിക്കുന്ന കാര്യമല്ലല്ലോ. കണ്ണൂർ എല്ലാവർക്കുമുള്ളതല്ലേ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവൺമെന്റിന്റെ സമീപനം വളരെ നന്നായി ഇവിടെ പറഞ്ഞില്ലേ. അതിന് നല്ല നിലയിൽ ഒരു സമീപനം മുൻ മുഖ്യമന്ത്രി സ്വീകരിച്ചു. ആ നടപടികളെ മുഴവൻ

നിരാകരിക്കുന്നതും അക്രമണോത്സുകവുമായ ഒരു നിലപാട് പ്രതിപക്ഷ നേതാവ് സ്വീകരിച്ചു. ആ നിലപാടിനോട് നിങ്ങൾ അനുകൂലിക്കാൻ പാടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പ്രതിപക്ഷത്ത് എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ ഞങ്ങൾ ആലോചിച്ച് ശരിയാക്കാം. അതിനെപ്പറ്റി ബേജാറാകണ്ട. ഗുരുവായൂരും ചാവക്കാടും ഒക്കെ ഉണ്ടായ സംഭവങ്ങളൊക്കെ മുഖ്യമന്ത്രി പറഞ്ഞപ്പോൾ പ്രതിപക്ഷ നേതാവും പൊളിറ്റിക്കലായി പറഞ്ഞു. സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി എന്നുള്ള നിലയ്ക്ക് നിങ്ങൾ പൊളിറ്റിക്കൽ പ്രോസസ്സിലേയ്ക്ക് പോയി അക്രമം അവസാനിപ്പിക്കാൻവേണ്ടി മുൻകൈ എടുത്ത് സംസ്ഥാന നേതാക്കളുമായി തീരുമാനമെടുക്കുന്നതിനോട് ഞങ്ങൾ സഹകരിക്കും. അതാണ് ശ്രീ. ഉമ്മൻ ചാണ്ടിയും പറഞ്ഞത്. മുമ്പും ഞങ്ങൾ സഹകരിച്ചിട്ടുണ്ട്. പക്ഷേ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി അക്രമങ്ങൾ ഉപയോഗിക്കുന്നത് ഞങ്ങളുടെ രീതിയല്ല. ഞങ്ങളങ്ങനെ ചെയ്യുന്നില്ല. അതിനെക്കുറിച്ച് ആദ്യം ആത്മ പരിശോധന നടത്തേണ്ടത് സി.പി.എം ആണ്. അക്രമികൾക്ക് പ്രൊട്ടക്ഷൻ കൊടുക്കുകയില്ലായെന്ന് പൊളിറ്റിക്കലായി തീരുമാനിക്കേണ്ടത് നിങ്ങളാണെന്നുള്ളത് വസ്തുതയാണ്. അപ്പോൾ നമുക്കെല്ലാവർക്കുംകൂടി ബി.ജെ.പി.യെ കുറ്റം പറയാം. അത്യാവശ്യം

കയ്യിലിരുപ്പൊക്കെ ലീഗിനുമുണ്ടെന്ന് നിങ്ങൾ പറയുകയാണെന്നുണ്ടെങ്കിൽ ഞങ്ങളോട് പറഞ്ഞോ, ഞങ്ങളും തയ്യാറാണ്. ഞങ്ങൾ മുമ്പും അതിന് തയ്യാറായിട്ടുണ്ട്. ആ ഒരു പ്രോസസ്സിലേയ്ക്ക് പോയി കണ്ണൂരിനെ ഈ അപഖ്യാതിയിൽനിന്ന് രക്ഷിക്കാൻ വേഗം തയ്യാറാകണം. കൊലപാതകങ്ങൾ വർദ്ധിച്ച് വരികയാണ്. ആരുടെ കാലത്താണ് കൂടുതലുണ്ടായതെന്നല്ല. ഇത് വളരെയധികം ഗൗരവമുള്ള ഒരു വിഷയമാണ്. അത് ഗൗരവമായി കാണാൻ നിങ്ങൾ തയ്യാറായെന്ന് നമുക്ക് പറയാൻ കഴിയില്ല. അത് ഇതുവരെയുള്ള അനുഭവത്തിലില്ല. ഇപ്പോഴും അക്രമികൾക്ക് പ്രൊട്ടക്ഷൻ കൊടുക്കുന്ന നില പോലീസിലും അദ്ദേഹത്തിന് പൊളിറ്റിക്കലായും ഉണ്ടെന്നാണ് അഭിപ്രായം. ഈ ചർച്ച നടത്താത്തതിലുള്ള പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് ഞങ്ങൾ ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഒരു ചർച്ച നടത്തുവാൻ ഗവൺമെന്റ് തയ്യാറാകുന്നു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് തീർച്ചയായും സ്വാഗതാർഹമാണ്. അദ്ദേഹം ഈ നിലപാട് കുറച്ച് നേരത്തെ എടുത്തിരുന്നെങ്കിൽ പിന്നീടുള്ള കൊലപാതകങ്ങൾ ഒരുപക്ഷേ ഒഴിവാക്കപ്പെട്ടുമായിരുന്നു എന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുകയാണ്. ഏഴ് രാഷ്ട്രീയ കൊലപാതകങ്ങൾ കണ്ണൂർ ജില്ലയിൽ നടന്നു എന്നുപറയുമ്പോൾ അതിനെ ലഘുവായി കാണാൻ കഴിയുന്ന ഒന്നല്ല. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും രാഷ്ട്രീയ കൊലപാതകങ്ങൾ ചർച്ചയായിരുന്നു. ഇതിന്റെ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നത് സ്ത്രീകളും കുട്ടികളുമാണെന്നുള്ളതാണ് പ്രധാനപ്പെട്ട വിഷയം. കണ്ണൂരിൽ അത് വീണ്ടും വീണ്ടും ആവർത്തിക്കുന്നു എന്നുപറയുമ്പോൾ, പോലീസിന് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടാകേണ്ടത് അനിവാര്യമാണ്. മീഡിയയിൽ ഡി.ഐ.ജി.യുടെ പ്രതികരണം കണ്ടാൽ പോലീസിന് അവിടെ പ്രവർത്തിക്കാൻ പിരിമിതിയുണ്ടെന്നുള്ളത് വളരെ വ്യക്തമാണ്. അത് കണ്ടിട്ടുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അതറിയാം. വളരെ പരിമിതമായ നിലയിൽ മാത്രമെ പോലീസിന് അവിടെ നിൽക്കാൻ കഴിയുന്നുള്ളൂ എന്നാണ്. യഥാർത്ഥ

കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ പോലീസിന് സ്വാതന്ത്ര്യം കൊടുക്കുകയാണ് വേണ്ടത്. ബി.ജെ.പി.യും സി.പി.എം.-ഉം തമ്മിലുള്ള സംഘർഷം പല രീതിയിലേയ്ക്ക് നീങ്ങുന്നു. കുഞ്ഞാലിക്കുട്ടി സാഹിബ് അതാണ് സൂചിപ്പിച്ചത്. അത് പല രീതിയിലേയ്ക്കും വ്യാഖ്യാനങ്ങളിലേയ്ക്കും നീങ്ങുന്നു എന്നുള്ളതാണ്. ഇന്ന് കേരളം ഭരിക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന സി.പി.എം.-ന് ഈ കൊലപാതകങ്ങൾ നിയന്ത്രിക്കുന്ന കാര്യത്തിൽ വളരെയേറെ ഉത്തരവാദിത്തമുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു തുറന്ന സമീപനം, ചർച്ചയ്ക്ക് എടുക്കുന്നുവെന്നുള്ളത് സ്വാഗതാർഹമാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. കെ. എം. മാണി</u>: സർ, കണ്ണൂരിൽ കൊലപാതകങ്ങൾ അരങ്ങേറുകയാണ്. സി.പി.എം.-ഉം ആർ.എസ്.എസ്.-ഉം തമ്മിൽ മത്സരിക്കുകയാണ്. ഈ രീതിയിൽ പോയാൽ അവിടെ സമാധാനം കൈവരുത്താൻ കഴിയുമോ? കേരളത്തിലെ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന

സി.പി.എം ഒരു ഭാഗത്ത്, കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.യിലെ ആർ.എസ്.എസ്. മറ്റൊരു ഭാഗത്ത്. ഇതിൽ ആരെങ്കിലും ഒരാൾ ക്ഷമിക്കണ്ടേ. അവർ തയ്യാറാകുന്നില്ലെങ്കിൽ നിങ്ങൾ അതിന് തയ്യാറാകണം. സമാധാനം വരണമെങ്കിൽ നിങ്ങൾ പിന്മാറണം. ഗീതോപദേശമാണ് മുഖ്യമന്ത്രി നടത്തിയത്. മാനസിക പരിവർത്തനമുണ്ടാകുന്നതുവരെ കാത്തിരിക്കാൻ കഴിയുമോ? മാനസിക പരിവർത്തനമെന്ന് പുറമെ പറയുന്നതാണ്. ഇത് കേൾക്കുമ്പോൾ Merchant of Venice-ലെ ഷേക്സ്പിയറിന്റെ ഒരു ഉദ്ധരണിയാണ് എനിക്ക് മനസ്സിൽ വരുന്നത്. Goodly apple. But rotten inside. Goodly outside. But falsehood inside. പുറമെ ഇങ്ങനെയൊക്കെ പറയുന്നു എന്നല്ലാതെ അകമേ റോട്ടൺ ആണ്. നിങ്ങൾ ഗീതോപദേശം പറയുന്നു എന്നുള്ളതൊഴിച്ചാൽ നിങ്ങൾ തന്നെ അക്രമത്തിന് കൂട്ടുനിൽക്കുന്നു, പ്രേരണ കൊടുക്കുന്നു, പ്രോത്സാഹിപ്പിക്കുന്നു, നിങ്ങൾ തന്നെ വാളെടുക്കുന്നു. വാളെടുക്കുന്നവൻ വാളാലേ. വാൾ താഴെ വയ്ക്കണം. വാളുകൊണ്ട് നമുക്ക് യാതൊരു സമാധാനവും ഉണ്ടാകുകയില്ല. നമുക്ക് എപ്പോഴും സമാധാനമാണ് ആവശ്യം. സമാധാന ചർച്ചകൾ ആരംഭിക്കട്ടെ. എത്രയും വേഗം സമാധാനം കൈവരുത്താൻ ഗവൺമെന്റ് മുൻകൈ എടുക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട്

ഇതിൽ ക്രിയാത്മകമായ നിലപാട് സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, കണ്ണൂരിൽ നടന്ന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനം വളരെയേറെ ദു:ഖിതരാണ്. ഇത്തരമൊരു സാഹചര്യമുണ്ടാകാൻ പാടില്ല. പാർട്ടി ഏതാണെന്നുള്ളതോ ഏത് സമൂഹത്തിൽപ്പെട്ട ആൾക്കാരാണെന്നുള്ളതോ എത്ര ആളുകളെ കൊന്നു എന്നുള്ളതോ അല്ല പ്രശ്നം. ഇതിനിരയാകുന്ന ആളുകളുടെ കുടുംബങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കുമാണ് പ്രശ്നം. അവിടെ സമാധാനമുണ്ടാകേണ്ടത് വളരെ ആവശ്യമാണ്. ഇത് എല്ലാവരും പൊതുവേ സമ്മതിക്കുന്ന കാര്യമാണ്. ഇതിനുവേണ്ടി ഞാൻ കുറെ ശ്രമങ്ങൾ നടത്തി. പക്ഷേ നിർഭാഗ്യവശാൽ ഇതുവരെ അത് വിജയിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ എല്ലാ പാർട്ടികളും അതിനുവേണ്ടി താല്പര്യം കാണിക്കുന്നു എന്നുള്ളത് സന്തോഷമുള്ള കാര്യമാണ്. ഏതാനും വർഷങ്ങൾക്കുമുമ്പ് തലശ്ശേരിയിൽ തലവെട്ട് സംഭവങ്ങളുടെ ഒരു പരമ്പരയുണ്ടായ അവസരത്തിൽ അന്ന് ഡൽഹിയിലുണ്ടായിരുന്ന ജസ്റ്റിസ്

കൃഷ്ണയ്യരും ഇ.എം.എസ്. നമ്പൂതിരിപ്പാടും ബി.എം.എസ്.-ന്റെ അഖിലേന്ത്യാ പ്രസിഡന്റ് ഠേംഗ്ഡ്ജിയും ഭാരതീയ വിചാര കേന്ദ്രത്തിന്റെ ഡയറക്ടർ പരമേശ്വർജിയും മാർക്സിസ്റ്റ് പാർട്ടിയുടെ എം.പി. ആയ പി. രാമമൂർത്തിയും എല്ലാവരുംകൂടി ചേർന്ന് ഇതെങ്ങനെയെങ്കിലും അവസാനിപ്പിക്കണമെന്ന് തീരുമാനിച്ചുകൊണ്ട് യോഗങ്ങൾ കൂടുകയും അതിന് എന്തെല്ലാം ചെയ്യണമെന്ന് ചർച്ച ചെയ്ത് ഒരു ധാരണയിലെത്തുകയും ചെയ്തു. നിർഭാഗ്യവശാൽ അപ്രൂവലിനുവേണ്ടി കണ്ണൂർ ജില്ലയിലെ സ്റ്റേറ്റ് കമ്മിറ്റിക്ക് അയച്ചുകൊടുത്തു. കണ്ണൂർ ജില്ലാ കമ്മിറ്റി അത് സ്വീകരിക്കാൻ തയ്യാറായില്ല. അതിന്റെ പേരിൽ അത് നടക്കാതെപോയി. ഏതായാലും ഇപ്പോൾ കാര്യമായൊരു ശ്രമം നടക്കുന്നു എന്നുള്ളത് സന്തോഷമുള്ള കാര്യമാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അങ്ങ് കവിയാണെന്ന് ഞാൻ ഇതുവരെ മനസ്സിലാക്കിയിട്ടില്ല. ഇത് ഭാവനയിലുള്ള ഒരു കാര്യമാണ്. അക്കാലത്ത് കണ്ണൂരിലെ പ്രധാന പ്രവർത്തകരുടെ കൂട്ടത്തിലുണ്ടായിരുന്ന ഒരാളാണ് ഞാൻ. തലശ്ശേരി സംഭവങ്ങളുടെ കാര്യത്തിൽ എന്താണ് നടന്നുകൊണ്ടിരുന്നതെന്ന് എനിക്ക് അറിയാവുന്നതാണ്. ഇത്തരത്തിൽ ഒരു സംഭവം ചർച്ചയ്ക്ക് വരികയോ ഏതെങ്കിലുമൊരു നിലപാട് എടുക്കേണ്ടി

വരികയോ ചെയ്തിട്ടില്ല. അത് അങ്ങ് മനസ്സിലാക്കുന്നത് നല്ലതാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ ഇതിൽ കുറച്ച് ഇൻവോൾവ്ഡ് ആയിട്ടുള്ള ആളാണ്. അന്ന് ഞാനും ഡൽഹിയിലുണ്ടായിരുന്നു. ശ്രീ. പി. പരമേശ്വർജി, ഠേംഗ്ഡ്ജി, പി. രാമമൂർത്തി ഇവരെല്ലാംകൂടി ചേർന്ന് ധാരണയുണ്ടാക്കി ഒരു സിറ്റിംഗിൽ ചർച്ച ചെയ്ത് അയച്ചുകൊടുത്തു. അന്ന് അങ്ങായിരുന്നില്ല സെക്രട്ടറി. കണ്ണൂർ ജില്ലാ കമ്മിറ്റി സെക്രട്ടറി എം. വി. രാഘവനായിരുന്നു. അത് വേറെ കാര്യം. ഇതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്.

ശ്രീ. പിണറായി വിജയൻ: സർ, ജില്ലാതലത്തിൽ സമാധാന സംഭാഷണത്തിന്റെ ഭാഗമായി ചർച്ച നടക്കുകയും ആ ചർച്ചയിൽ ആർ.എസ്.എസ്.-നുവേണ്ടി ചന്ദ്രശേഖരൻ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. മറ്റൊരു ചർച്ചയും നടന്നിട്ടില്ല.

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ പറയുന്നത് ഡൽഹിയിൽ ടോപ്പ് ലെവലിൽ നടന്നതായിട്ടുള്ള ചർച്ചകളുടെ കാര്യമാണ്. അതിൽ

സംസ്ഥാനത്തിന്റെ .....ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ ഇപ്പോഴത്തെ നേതാക്കന്മാരോ ഉണ്ടായിരുന്നില്ല. അന്ന് സി.പി.എം.-നെ റെപ്രസെന്റ് ചെയ്തിരുന്നത് ഇ.എം.എസ്. നമ്പൂതിരിപ്പാടും പി. രാമമൂർത്തിയും ആയിരുന്നു. ഇതൊരു വസ്തുതയാണ്. അതിരിക്കട്ടെ ആ ശ്രമം നടന്നില്ല, ഇപ്പോഴെങ്കിലും നടന്നാൽ, ആ ഒരു സെന്റിമെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പ്രതിഫലിപ്പിക്കുന്നുണ്ടെന്നത് ശരിയാണ്. ആ സെന്റിമെന്റ് എങ്ങനെ പ്രായോഗികമായി നടപ്പാക്കാൻ സാധിക്കുമെന്നുള്ളതിലാണ് പ്രധാനപ്പെട്ട ഇഷ്യു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊലപാതകത്തിന്റെയും സംഭവങ്ങളുടെയുമൊക്കെ കുറെ കണക്കുകൾ പറയുകയുണ്ടായി. എന്റെ കൈയ്യിൽ നീണ്ട ഒരു ലിസ്റ്റുണ്ട്, അതിന് കുറെ മണിക്കൂറുകൾ എടുക്കുമെന്നുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കണ്ണൂർ ജില്ലയിൽ കൊലപാതകങ്ങൾ സംഭവിക്കുന്നു എന്നുള്ളതാണ് ഇവിടത്തെ വിഷയം. ഒരു പ്രധാനപ്പെട്ട ചോദ്യം, മാർക്സിസ്റ്റ് പാർട്ടിയാവട്ടെ ആർ.എസ്.എസ്. ആകട്ടെ ഇതെല്ലാം അഖിലേന്ത്യാ പ്രസ്ഥാനങ്ങളാണ്. ഇവരെല്ലാം ഇൻഡ്യ മുഴുവൻ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇൻഡ്യയുടെ

മറ്റു ഭാഗങ്ങളിലൊന്നും ഈ തരത്തിലുള്ള കൊലപാതകങ്ങളും അക്രമങ്ങളും നിരന്തരമായി നടക്കുന്ന സാഹചര്യം ഉണ്ടാകുന്നില്ല. മാർക്സിസ്റ്റ് പാർട്ടിയുടെ ശക്തി കേന്ദ്രമായ കണ്ണൂർ ജില്ലയിൽ ഇത് നടക്കുന്നുവെന്നുള്ളത് ഒരു വസ്തുതയായി അവശേഷിക്കുന്നു. അതിലും വിശേഷം, അവർ അധികാരത്തിലുള്ള അവസരത്തിൽത്തന്നെ അതിന്റെ തോത് വർദ്ധിച്ചുകൊണ്ടുവരുന്നു എന്നുള്ളതാണ്. ഇതൊരു വസ്തുതയല്ലേ? രണ്ടാമത്തെ വസ്തുത, മാർക്സിസ്റ്റ് പാർട്ടിയുടെ ആക്രമണത്തിന് വിധേയരാകാത്ത ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുണ്ടോ; ഇത് എല്ലാ പാർട്ടികളിലുമുണ്ട്. എന്നിട്ട് എല്ലാ കുറ്റവും ആർ.എസ്.എസ്.-ന്റെ മേൽ ചുമത്തുന്നു. ആർ.എസ്.എസ്.-ന്റെ ശക്തികേന്ദ്രം ഇൻഡ്യയിൽ എല്ലായിടത്തുമുണ്ട്. അവിടെ എവിടെയും ഇത് നടക്കുന്നില്ല. ഇവരുടെ ഭാഗത്തുനിന്ന് ഇത് നടക്കുമ്പോൾ എന്ത് അർത്ഥമാണുള്ളത്; അതിൽനിന്ന് മനസ്സിലാക്കേണ്ട കാര്യമെന്താണ്?

മി. സ്പീക്കർ: ...പ്ലീസ് കൺക്ലൂഡ്...... .പ്ലീസ് കൺക്ലൂഡ്......

ശ്രീ. ഒ. രാജഗോപാൽ: സർ, ഇക്കാര്യത്തിൽ ഒരു സമാധാന ശ്രമം

ഉണ്ടാകണം. അത് ആത്മാർത്ഥമായിരിക്കണം. ഇവിടെ വാദഗതികളൊക്കെ ഉന്നയിക്കാൻ സാമർത്ഥ്യമുള്ള ധാരാളം ആൾക്കാരെ കാണാറുണ്ട്. അതല്ല ആവശ്യം. ഇത് മനുഷ്യജീവനെയും സംസ്ഥാനത്തിന്റെ സൽപ്പേരിനെയും യുവാക്കളെയും അമ്മമാരെയും ബാധിക്കുന്ന പ്രശ്നമാണ്. അതിനുവേണ്ടി എളിയ ശ്രമങ്ങളൊക്കെ ഞാൻ നടത്തുകയുണ്ടായി; എന്നാൽ അതൊന്നും വിജയിച്ചില്ല. ഇപ്പോഴും ഞാൻ ഒരു ശ്രമം തുടങ്ങിയിട്ടുണ്ട്. ആ ശ്രമം വിജയിക്കുകയാണെങ്കിൽ തീർച്ചയായും അത് നല്ല കാര്യമാണ്. അതിനുവേണ്ടി ആത്മാർത്ഥമായി ഒരു ലീഡ് എടുക്കേണ്ടതായിട്ടുള്ള ചുമതല കേരളം ഭരിക്കുന്ന കക്ഷിക്കുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആ കാര്യത്തിൽ പ്രത്യേകമായ ചുമതലയുണ്ട്. ഈ കാര്യം ഞാൻ അദ്ദേഹത്തിനോട് പേഴ്സണലായി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ വീണ്ടും അത് ആവർത്തിക്കുന്നു. എല്ലാവരും ഈ അഭിപ്രായം പ്രകടിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോൾ പ്രകടിപ്പിച്ചിട്ടുള്ള ഈ ഒരു നീക്കം സംസ്ഥാന നിലവാരത്തിലും ജില്ലാ നിലവാരത്തിലും പോയിന്റ് സ്കോർ ചെയ്യാൻ വേണ്ടിയല്ല, എങ്ങനെ സമാധാനമുണ്ടാക്കാൻ

സാധിക്കുമെന്നുള്ള കാര്യത്തിലാണ്. മറ്റുള്ളവരെ കുറ്റം പറയാൻവേണ്ടി ശ്രമം നടത്തുന്നവർ എവിടെയും എത്താൻ പോകുന്നില്ല. ജില്ലകളിലും സംസ്ഥാനത്തുമൊക്കെ ഉണ്ടാകുന്ന അതിന്റെ റിപ്പീറ്റ് പെർഫോമൻസായി തീരാതിരിക്കാൻ ആത്മാർത്ഥമായി പരിശ്രമം നടത്താൻ ആഗ്രഹിക്കുന്നു. ഇൻഡ്യാ രാജ്യത്ത് വിശാലമായിട്ടുള്ള മാർക്സിസ്റ്റ് പാർട്ടിയെപ്പോലെതന്നെ ആർ.എസ്.എസ്.-ഉം ബി.ജെ.പി.യും പ്രവർത്തിക്കുന്നുണ്ട്. അവിടെ എവിടെയുമില്ലാത്ത ഒരു സാഹചര്യം കേരളത്തിൽ ഉണ്ടാകുന്നത് വളരെ അപമാനകരമായ കാര്യമാണ്. ഇതിൽ ഞാൻ എന്റെ ദു:ഖം രേഖപ്പെടുത്തുന്നു; പ്രതിഷേധം രേഖപ്പെടുത്തുന്നു. ഇതിന് അവസാനം ഉണ്ടാക്കുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.